
808343

# കാർഷിക സ്ത്രീ പഠനകേന്ദ്രം - ഉദ്യമങ്ങളും നേട്ടങ്ങളും
# (1999-2006)



കേരള കാർഷിക സർവ്വകലാശാല
വെള്ളാനിക്കര, തൃശൂർ - 680 656
കേരള, ഇന്ത്യ

KAU LIBRARY
808343
IR 305.3 GEE/KA

# കാർഷിക സ്ത്രീ പഠനകേന്ദ്രം - ഉദ്യമങ്ങളും നേട്ടങ്ങളും
# (1999-2006)

**Compiled and edited by**

Dr. P. S. Geethakutty
Associate Professor & Project Co-ordinator,
Centre for Studies on Gender Concerns in Agriculture,
Kerala Agricultural University, Vellanikkara

**Year of publication 2006**

305.3
GEE/KA
80834-3

# കേരള കാർഷിക സർവ്വകലാശാല

കെ. ആർ. വിശ്വംഭരൻ I.A.S.
വൈസ് ചാൻസലർ

വെള്ളാനിക്കര
31-3-2007

## അവതാരിക

ചുരുങ്ങിയ കാലയളവിൽ കാർഷിക സർവ്വകലാശാലയുടെ അഭിമാനമായി ഉയരാൻ കഴിഞ്ഞ കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ (Centre for Studies on Gender Concerns in Agriculture), ആദ്യ ഏഴ് വർഷത്തെ (1999-2006) പ്രവർത്തന സംഗ്രഹം സസന്തോഷം നിങ്ങളുടെ മുന്നിൽ വയ്ക്കുന്നു. സാമ്പത്തിക വളർച്ചക്കൊപ്പം മാനുഷിക മുഖവും, സാമൂഹ്യനീതിയും സുസ്ഥിരവികസനത്തിന് ഒഴിച്ചുകൂടാനാകാത്ത മാർഗ്ഗങ്ങളും, ലക്ഷ്യങ്ങളും ആകണമെന്ന അടിത്തറയിലൂന്നികൊണ്ട് കാർഷിക രംഗത്തെ എല്ലാ വികസന പ്രയത്നങ്ങളിലും സ്ത്രീപുരുഷ പങ്കാളിത്ത പരിപ്രേക്ഷ്യം പ്രോത്സാഹിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന സ്ഥാപനമാണിത്. ദീർഘദർശികളായ എന്റെ മുൻഗാമികൾ ഡോ. കെ. എൻ. ശ്യാമസുന്ദരൻനായരും, ഡോ. കെ. വി. പീറ്ററും, ലോകപ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ പ്രൊഫസർ എം.എസ്. സ്വാമിനാഥന്റെ വികസന കാഴ്ചപ്പാടും ഉപദേശവും ഏറ്റെടുത്ത് രൂപം നൽകിയ കേന്ദ്രമാണിതെന്ന് പ്രത്യേകം എടുത്തു പറയട്ടെ. ശ്രീമതി. മീനാ സ്വാമിനാഥൻ, ഡോ. മൈക്കിൾ തരകൻ, ഡോ. ആർ. വി. ജി. മേനോൻ, ഡോ. കെ. ശാരദാമണി, ശ്രീമതി. ടി. ദേവി, ശ്രീ. ടി. ആർ. ചന്ദ്രദത്ത്, ശ്രീമതി. ഏലിയാമ്മ വിജയൻ തുടങ്ങി അറിയപ്പെടുന്ന സാമൂഹിക നിരീക്ഷകരുടെ മാർഗ്ഗദർശനങ്ങളും ഈ കേന്ദ്രത്തിന് സാർത്ഥകമായ ഭാവവും രൂപവും നൽകി പരിപോഷിപ്പിച്ചിട്ടുണ്ട്. ഗ്രാമതലം മുതൽ ദേശീയതലത്തിലും, ആഗോളതലത്തിലും പടർന്നു നിൽക്കുന്ന വിവിധ പങ്കാളികളുടെ ഒരു വലിയ സുഹൃത് ശൃംഖലയും ഈ സ്ഥാപനത്തിന്റെ വളർച്ചയുടെ പിന്നിലുണ്ടെന്ന് കാണാം. ഈ കേന്ദ്രത്തിന്റെ ഭാവി പ്രവർത്തനത്തിനും, മുന്നോട്ടുള്ള വളർച്ചക്കും ചൂണ്ടുപലകയായി വർത്തിക്കുക എന്നത് തന്നെയാണ് ഈ പ്രവർത്തന രേഖയുടെ മുഖ്യ ലക്ഷ്യം.

കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾ സ്ത്രീ പുരുഷ പങ്കാളിത്ത കാഴ്ചപ്പാട്, കാർഷിക വികസനത്തിൽ, സ്വീകരിക്കുക വഴി കാർഷിക രംഗത്തെ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം, ഫലവത്തും ഫലപ്രാപ്തിയുമുള്ള വികസന പങ്കാളിത്തം സാദ്ധ്യമാക്കാൻ ലക്ഷ്യമിടുന്നവയുമാണ്.. അതോടൊപ്പം കാർഷിക വികസന രംഗത്തെ വിവിധ പങ്കാളികൾ സ്ത്രീ പുരുഷ പങ്കാളിത്തം സാദ്ധ്യമാക്കുന്ന ചുമതലാപൂർവ്വമായ പ്രവർത്തനം എങ്ങനെ ഏറ്റെടുക്കണം എന്നതിനും നമുക്കു മുന്നിൽ ഈ കേന്ദ്രം മാതൃകകൾ ചൂണ്ടികാണിക്കുന്നവയാണ്. ഈ കേന്ദ്രത്തിന്റെ വിവിധോന്മുഖങ്ങളായ പ്രവർത്തനങ്ങളിലൂടെ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ദേശീയ തലത്തിലെന്നല്ല, ലോകത്തിന്റെ മുന്നിൽ തന്നെയാണ് സുസ്ഥിര വികസനത്തിന്റെ പാതയിൽ സാമൂഹ്യനീതിയും, മനുഷ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തന മാതൃക എടുത്തു കാട്ടാനുള്ളത്.

കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് തുടക്കം മുതൽ ചുക്കാൻ പിടിച്ച ഡോ. പി.എസ്. ഗീതക്കുട്ടിക്കും, മറ്റ് പ്രോജക്ട് ടീമംഗങ്ങൾക്കും പ്രത്യേക അഭിനന്ദനങ്ങൾ. ഈ സ്ഥാപനത്തിന്റെ വളർച്ചക്ക്, സർവ്വകലാശാലയുടെ അകത്തും പുറത്തും നിന്ന്

സഹകരിച്ച് പിന്തുണച്ച എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർവ്വകലാശാലയുടെ കടപ്പാട് രേഖപ്പെടുത്തുകയും തുടർന്നുള്ള സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു. കാർഷിക സ്ത്രീപഠനകേന്ദ്രം ഇനി വരുന്ന ഭാവിയിൽ സമൂഹത്തിലെ പ്രത്യേകിച്ച് കാർഷിക വികസനരംഗത്തെ കൂടുതൽ ചുമതലകളേറ്റെടുക്കുകയും കൂടുതൽ ഉയരങ്ങളിലേക്ക് വളരുകയും ചെയ്യട്ടെ എന്ന ആശംസയോടെ,

കെ. ആർ. വിശ്വംഭരൻ

# കൃതജ്ഞത

കേരള കാർഷിക സർവ്വകലാശാല കാർഷിക സ്ത്രീ പഠനകേന്ദ്രം പ്രോജക്ട് ടീം ഏററവും കൃതജ്ഞതയോടെയും കൃതാർത്ഥതയോടെയും **"കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ഉദ്യമങ്ങളും നേട്ടങ്ങളും"** എന്ന ഏഴുവർഷത്തെ (1999–2006) പ്രവർത്തന സംഗ്രഹം, **അന്തരിച്ച ഡോ.കെ.എൻ. ശ്യാമസുന്ദരൻ നായരുടെ സ്മരണയ്ക്കു മുന്നിൽ സമർപ്പിക്കുന്നു.** ഡോ.കെ.എൻ.ശ്യാമസുന്ദരൻ നായർ, ലോകപ്രശസ്ത ശാസ്ത്രജ്ഞനായ പ്രൊഫസ്സർ എം.എസ്.സ്വാമിനാഥന്റെ മാർഗ്ഗദർശനത്തിൽ, വിഭാവന ചെയ്ത ഈ കേന്ദ്രത്തിന്റെ ദർശനം അതേ അർത്ഥപൂർണതയോടെ നടപ്പിലാക്കാൻ പ്രോജക്ട് ടീം ഏററവും ആത്മാർത്ഥയോടെ പരിശ്രമിച്ചുവരുന്നു. സർവ്വകലാശാലാ മുൻ വൈസ്ചാൻസലർ ഡോ.കെ.വി.പീററർ ഈ കേന്ദ്രത്തിന്റെ വളർച്ചയ്ക്ക് നൽകിയ നേതൃത്വം ഈ കേന്ദ്രത്തെ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായതലങ്ങളിൽ മുൻനിര പ്രവർത്തകരാക്കാൻ സജ്ജമാക്കി. ഈ കേന്ദ്രത്തിന്റെ ആശയ രൂപീകരണം മുതൽ വളർച്ചയുടെ ഈ ഘട്ടം വരെ ശ്രീമതി. മിനാ സ്വാമിനാഥൻ, ഡോ.മൈക്കിൾ തരകൻ, ഡോ.ആർ.വി.ജി.മേനോൻ, ഡോ.കെ.ശാരദാമണി, ശ്രീമതി.ടി.ദേവി, ശ്രീ. ടി.ആർ.ചന്ദ്രദത്ത്, ശ്രീമതി.ഏലിയാമ്മവിജയൻ തുടങ്ങിയ മഹത്വ്യക്തികൾ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ ഈ കേന്ദ്രത്തിന് രൂപവും ഭാവവും കരുപിടിപ്പിക്കുന്നതിലെ പ്രധാന നാഴികക്കല്ലുകളാണ്. കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ഓരോ പ്രവർത്തനത്തിനും വളർച്ചയ്ക്കും തുടക്കം മുതലുള്ള ഓരോ കാലയളവിലും നേതൃത്വം നൽകി പ്രോത്സാഹിപ്പിച്ച സർവ്വകലാശാലാ ഗവേഷണവിഭാഗം മേധാവികൾ –ഡോ.എൻ.മോഹനകുമാരൻ, ഡോ.ആർ.വിക്രമൻനായർ, ഡോ.കെ.കുമാരൻ, ഡോ.സി.കെ.പീതാംബരൻ, ഡോ.എസ്. ജനർദ്ദനൻ പിള്ള, ഡോ. ഡി.അലക്സാണ്ടർ എന്നിവരോടുള്ള കൃതജ്ഞത എടുത്തുപറയുന്നു. ഈ കേന്ദ്രത്തിന്റെ ഉത്ഭവഘട്ടത്തിൽ വേണ്ട നേതൃത്വവും ഉപദേശങ്ങളും നൽകിയ ഡോ.എസ്.സുലോചന, ഡോ.യു.മുഹമ്മദ്കുഞ്ഞ്, ഡോ.എൻ.കൃഷ്ണൻ നായർ, ഡോ. എ.ഐ.ജോസ്, ഡോ.പി.വി.പ്രഭാകരൻ എന്നിവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള പ്രാദേശികവും, ദേശീയവും, സാർവ്വദേശീയവുമായ എല്ലാ സ്ഥാപനങ്ങളോടും വ്യക്തികളോടും നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം തുടർന്നുമുള്ള സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കാർഷിക സർവ്വകലാശാലയിലെ ഭരണാധിപർ, ഗവേഷകർ, അദ്ധ്യാപകർ, അനദ്ധ്യാപക ജീവനക്കാർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ തുടങ്ങിയ പങ്കാളികളോടെല്ലാം സഹകരണത്തിനുള്ള കടപ്പാടറിയിക്കുന്നു. ഈ കേന്ദ്രത്തിന്റെ തുടർന്നുവരുന്ന പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുമെന്ന പ്രതീക്ഷയോടെ,

വെള്ളാനിക്കര
31–3–2007

കാർഷിക സ്ത്രീ പഠന കേന്ദ്രം
പ്രോജക്ട് ടീമിനുവേണ്ടി

ഡോ. പി.എസ്. ഗീതക്കുട്ടി

## കാർഷിക സ്ത്രീ പഠനകേന്ദ്രം

### കാഴ്ചപ്പാടും ഉത്ഭവവും

കാർഷിക രംഗത്ത് സ്ത്രീകളും പുരുഷന്മാരും പ്രധാന പങ്കാളികളാണെങ്കിലും സ്ത്രീകളുടെ പങ്ക് പലപ്പോഴും തിരിച്ചറിയുകയോ, കണക്കിലെടുക്കുകയോ ചെയ്യാറില്ല. പ്രത്യേകിച്ച് അസംഘടിതമേഖലയായ കാർഷികരംഗത്തെ സ്ത്രീകൾ ആസുത്രിത വികസന സംരംഭങ്ങളിൽ അദൃശ്യരായിട്ട്, എത്തിപ്പെടാത്തവരായിട്ട്, ശ്രദ്ധിക്കപ്പെടാത്തവരായിട്ട് അവഗണിക്കപ്പെടുന്നുണ്ട്. കാർഷിക രംഗത്ത് സ്ത്രീകൾ കർഷകരായും, സഹകർഷകരായും, വ്യവസായ സംരംഭകരായും, കർഷകതൊഴിലാളികളായും പ്രവർത്തിക്കുന്നുണ്ട്. യഥാർത്ഥത്തിൽ പ്രവർത്തനങ്ങളുടെയും വിഭവങ്ങളുടെയും, സാങ്കേതിക വിദ്യകളുടെയും, അറിവിന്റെയും, സ്ഥാപനങ്ങളുടെയും, വിപണികളുടെയുമെല്ലാം വ്യവസ്ഥകളും, രീതികളും ഇന്നും പുരുഷകേന്ദ്രീകൃതമായി നിലനിൽക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഇവയുടെയൊക്കെ നിയന്ത്രണവും, ഉപയോഗവും സ്ത്രീകൾക്ക് അപ്രാപ്യമായി നിലനിൽക്കുകയും ഈ രംഗത്ത് അവർക്ക് ഫലവത്തായി പ്രവർത്തിക്കാൻ കഴിയതെയും ആകുന്നു. കൂടാതെ കാർഷിക രംഗത്തെ പല മാററങ്ങളും പദ്ധതികളും സ്ത്രീകളുടെ പരമ്പരാഗതമായ തൊഴിലവസരങ്ങളിൽ നിന്നും ഉപജീവനമാർഗ്ഗങ്ങളിൽ നിന്നും അവരെ പിൻതള്ളിക്കൊണ്ടുള്ള പ്രത്യാഘാതങ്ങളുണ്ടാക്കുകയും ചെയ്യുന്നുണ്ട്. സുസ്ഥിരവികസനം സാധ്യമാകാൻ, വികസനാവസരങ്ങളിലെയും, വികസനഗുണങ്ങളുടെയും അത്യന്താപേക്ഷിതമായ തുല്യമായ വിതരണവും ഉപയോഗവും ഉറപ്പാക്കുന്നതോടൊപ്പം സ്ത്രീകളും പുരുഷന്മാരോടൊപ്പം വികസനത്തിന്റെ പങ്കും പങ്കാളിത്തവും ഏറ്റെടുക്കാൻ ശക്തരാക്കപ്പെടേണ്ടതുമുണ്ട്. **കാർഷികരംഗത്തെ സ്ത്രീകളുടെ ശാക്തീകരണം സാദ്ധ്യമാക്കാൻ, ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രവർത്തനങ്ങളിലും, തൊഴിൽ പങ്കാളിത്തത്തിലും (gender roles), ആ രംഗങ്ങളിലെ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അധികാരബന്ധങ്ങളിലെയും (power relations), മൂല്യവ്യവസ്ഥകളിലും (value system), ആസ്തികളുടെയും വിഭവങ്ങളുടെയും ഉടമസ്ഥതയിലും പ്രാപ്യതയിലും (access & control) നിലനിൽക്കുന്ന ലിംഗവിവേചനം (gender discrimination) ഇല്ലായ്മ ചെയ്യേണ്ടതും, സാമൂഹ്യലിംഗനീതി (gender justice) കൈവരുത്തേണ്ടതുമാണ്.** കാർഷിക രംഗത്തെ ഗവേഷണം, വിജ്ഞാനവ്യാപനം, വിദ്യാഭ്യാസം എന്നീ മേഖലകളിലൂടെ ഏതൊരു പ്രദേശത്തെയും സുസ്ഥിരവികസനത്തിന് കാവൽ നിൽക്കേണ്ട കാർഷിക സർവ്വകലാശാലകളുടെ അടിസ്ഥാനപരമായ ചുമതല തന്നെയാണ്, കാർഷികരംഗം ജീവനമാർഗ്ഗമാക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഇടയിൽ സാമൂഹ്യനീതിയും, തുല്യാവസരങ്ങളും ഉറപ്പാക്കാൻ വേണ്ട കാഴ്ചപ്പാടും സമൂഹത്തിൽ സൃഷ്ടിക്കുക എന്നത്. എങ്കിൽ പോലും കാർഷിക വികസന രംഗത്ത് അങ്ങനെ ഒരു സംരംഭത്തിന്റെ ആവശ്യകത തിരിച്ചറിയാനും, നടപ്പിലാക്കാനും ലോകസമൂഹം തന്നെ വളരെ താമസിച്ചു. എങ്കിലും ആ രംഗത്തെ മുന്നേ പറക്കുന്ന പക്ഷിയാകാൻ 1998- ൽ കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞു എന്നത് അഭിമാനപൂർവ്വം തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. പുരോഗമനാചിന്താഗതിക്കാരനായ **കേരള കാർഷിക സർവ്വകലാശാലയുടെ അന്നത്തെ**

വൈസ്ചാൻസലർ, ഡോ.കെ.എൻ. ശ്യാമസുന്ദരൻ നായരുടെ ദീർഘദൃഷ്ടിയിലാണ്, കാർഷിക രംഗത്തെ സ്ത്രീപുരുഷ തുല്യതയ്ക്കും നീതിയ്ക്കുമായി പ്രവർത്തിക്കുന്ന Centre for Studies on Gender Concerns in Agriculture (കാർഷിക സ്ത്രീ പഠനകേന്ദ്രം) എന്ന സ്ഥാപനം കേരള കാർഷിക സർവ്വകലാശാലയിൽ ആരംഭിക്കണമെന്ന ആശയം രൂപീകൃതമായത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ പുത്തൻ സംരംഭത്തിന്റെ രൂപവും, ഭാവവും, ലക്ഷ്യവും, പ്രവർത്തനങ്ങളും കെട്ടിപ്പടുക്കാൻ ഒരു കൂട്ടായ്മതന്നെ, 1998 ൽ സർവ്വകലാശാലയിൽ ഉണ്ടാക്കപ്പെട്ടു. ഇതിലേക്കായി ഒട്ടനവധി ചർച്ചകളും സംവാദങ്ങളും കാഴ്ചപ്പാട് പങ്കിടലുകളും, ആശയരൂപീകരണവും സർവ്വകലാശാലയ്ക്ക് അകത്തും പുറത്തുമായി നടത്തുകയുണ്ടായി. വെറ്ററിനറി കോളേജ് ഡീൻ ഡോ. എസ്. സുലോചനയുടേയും, ഹോർട്ടികൾച്ചർ കോളേജ് അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ. പി.എസ്. ഗീതക്കുട്ടിയുടെയും നേതൃത്വത്തിലുള്ള ഒരു കർമ്മസംഘം (Task Force) ഇതിലേക്ക് സംഘടിപ്പിക്കപ്പെട്ടു. കാർഷിക രംഗത്തെയും സാമൂഹിക വികസനരംഗത്തെയും ഉന്നതതലങ്ങളിൽ അറിയപ്പെടുന്ന പ്രൊഫസ്സർ എം.എസ്. സ്വാമിനാഥൻ, ശ്രീമതി. മിനാ സ്വാമിനാഥൻ, ഡോ.കെ. ശാരദാമണി, ഡോ. മൈക്കിൾ തരകൻ, ഡോ.ആർ.വി.ജി. മേനോൻ പോലുള്ള മഹത്‌വ്യക്തികളിൽ നിന്നും ഈ സംരംഭത്തിനു വേണ്ട ആശയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കാനുള്ള ഭാഗ്യം സർവ്വകലാശാലയ്ക്ക് ഉണ്ടാകുകയും ചെയ്തു. അതിൻപ്രകാരം Task Force രൂപകൽപന ചെയ്ത പദ്ധതി കാർഷിക സർവ്വകലാശാലയുടെ ഉന്നതാധികാരസമിതിയുടെ മുന്നിൽ 1998-ൽ സമർപ്പിക്കപ്പെട്ടു. ഈ കാലഘട്ടത്തിലെ വികസനത്തിന്റെ അത്യാവശ്യ സമീപനമായ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് നിലവിൽ വരുത്തേണ്ട അടിസ്ഥാനാവശ്യം തിരിച്ചറിഞ്ഞുകൊണ്ട് കേരള കാർഷിക സർവ്വകലാശാലയുടെ ഉന്നതാധികാരസഭ 1999-2000 ൽ കാർഷിക സ്ത്രീ പഠനകേന്ദ്രം (Centre for Studies on Gender Concerns in Agriculture) സർവ്വകലാശാലയിൽ സ്ഥാപിക്കണം എന്ന ധീരവും പുരോഗമനപരവുമായ തീരുമാനം കൈകൊള്ളുകയും തുടർന്ന് 1999-2000 ൽ തന്നെ കേരള കാർഷിക സർവ്വകലാശാലയുടെ പുത്തൻ സംരംഭങ്ങളിലൊന്നായി (New initiative plans) കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന് നാന്ദികുറിക്കുകയും ചെയ്തു. ഈ കേന്ദ്രം നിലവിൽ വരുത്താനുള്ള പ്രവർത്തനങ്ങൾക്കായി വളരെ കുറഞ്ഞ സൗകര്യങ്ങളോടെയും ആൾബലത്തോടെയും അടിസ്ഥാനയൂണിറ്റ് (skeletal structure) വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ വിജ്ഞാന വിഭാഗം വകുപ്പിനോടുചേർന്ന് ആരംഭിക്കുകയും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ 1999-2000 മുതൽ കാർഷിക സ്ത്രീപഠനകേന്ദ്രം ആരംഭിച്ച പ്രവർത്തനങ്ങൾ നമ്മുടെ ദേശീയതലത്തിൽ തന്നെ അത്തരത്തിലുള്ള പ്രവർത്തനത്തിന്റെ നാന്ദികുറിക്കലായിരുന്നു എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ കാർഷികരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിലും മുൻകൈയ്യെടുത്ത സർക്കാർ തലത്തിലെ പ്രഥമസ്ഥാപനമായി കേരള കാർഷിക സർവ്വകലാശാല എക്കാലവും സ്മരിക്കപ്പെടും. ചുരുങ്ങിയ ഒരു കാലയളവിൽ തന്നെ ഇത്തരം വളരെ നവീനമായ പ്രവർത്തനങ്ങളിലൂടെ സാന്നിദ്ധ്യവും ലക്ഷ്യവും ദേശീയതല

ത്തിൽ തന്നെ ശ്രദ്ധേയമാക്കിയ ഈ സ്ഥാപനത്തെ കാർഷിക സർവ്വകലാശാലയുടെ ഒരു പ്രധാന കേന്ദ്രം എന്ന രീതിയിൽ വികസിപ്പിക്കാൻ 2001–ൽ കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും, തുടർന്നുള്ള പ്രവർത്തനങ്ങൾ വഴി 2002–2003 ൽ സർവ്വകലാശാലയുടെ ഗവേഷണവിഭാഗത്തിന് കീഴിൽ ഒരു പ്രത്യേക സ്ഥാപനമായി കാർഷിക സ്ത്രീ പഠനകേന്ദ്രം വെള്ളാനിക്കര കാമ്പസിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ അടിസ്ഥാന ലക്ഷ്യം


കാർഷിക രംഗത്തെ ഗവേഷണം, വിജ്ഞാന വ്യാപനം, വിദ്യാഭ്യാസം എന്നീ വികസനാവസരങ്ങളിൽ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാടും സമീപനവും (gender perspective) കൊണ്ടുവരികയും, നടപ്പിലാക്കുകയും വഴി കൃഷിയും ഗ്രാമവികസനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനരംഗങ്ങളിൽ സ്ത്രീകളുടെ ഫലവത്തും, ഫലപ്രാപ്തിയുമുള്ള പങ്കും പങ്കാളിത്തവും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ അടിസ്ഥാന ലക്ഷ്യം

## പ്രത്യേക പ്രവർത്തന ലക്ഷ്യങ്ങൾ :

1. കാർഷിക രംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആഴത്തിലുള്ള ഫീൽഡുതലത്തിലുള്ള പഠനങ്ങൾ നടത്തുക.
2. കാർഷിക രംഗത്തെ സ്ത്രീപുരുഷവിവേചന പ്രശ്നങ്ങളെ നിർമ്മാർജ്ജനം ചെയ്യാനും നവീകരിക്കാനുമുള്ള നയരൂപീകരണം.
3. കാർഷികമേഖലയിലെ ഗവേഷണം, വിദ്യാഭ്യാസം, വിജ്ഞാനവ്യാപനം എന്നിവയിൽ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാടിന്റെ സംയോജനം സാദ്ധ്യമാക്കുക.
4. സാമൂഹ്യലിംഗവിവേചന ആഘാതവിശകലനങ്ങൾ നടത്തുകയും സ്ത്രീകൾക്കനുയോജ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകയും ചെയ്യുക.
5. കാർഷിക ശാസ്ത്രജ്ഞർ, വിജ്ഞാന വ്യാപന പ്രവർത്തകർ, നയരൂപീകരണ വിദഗ്ധർ, ഭരണകർത്താക്കൾ, വികസന ഏജൻസികൾ, കർഷകർ എന്നിവർക്കിടയിൽ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് രൂപീകരിക്കുകയും, സ്ത്രീപുരുഷ പങ്കാളിത്ത വിശകലനത്തിനുള്ള പ്രാപ്തിയുണ്ടാക്കുകയും ചെയ്യുക.
6. കേരള കാർഷിക രംഗത്തെ സ്ത്രീകളുടെ ലിംഗപദവി പഠനങ്ങൾ നടത്തുകയും ലിംഗവിവേചന സ്ഥിതി വിവര കണക്കുകൾ രൂപീകരിക്കുകയും ചെയ്യുക.
7. സ്ത്രീകൾക്കിണങ്ങിയ കാർഷിക സാങ്കേതിക വിദ്യകളുടെ മാതൃകാ വിജ്ഞാനവ്യാ പനവും പ്രചരണവും നടത്തുക
8. കാർഷിക രംഗത്തെ വ്യവസായ സംരംഭകരായ സ്ത്രീകളുടേയും സഹായ ഏജൻസികളുടെയും ശൃംഖല സ്ഥാപിക്കുകയും സാങ്കേതിക കൺസോർഷ്യം രൂപീകരിക്കകയും ചെയ്യുക.

# കാർഷിക സ്ത്രീ പഠനകേന്ദ്രം

## സ്ഥാപന സംവിധാനം



## കാർഷിക സ്ത്രീ പഠനകേന്ദ്രം ഉപദേശകസമിതി

വൈസ് ചാൻസിലർ അദ്ധ്യക്ഷ/നായുള്ള ഉപദേശകസമിതിയിൽ സമൂഹത്തിലെ അറിയപ്പെടുന്ന വ്യക്തികൾ അംഗങ്ങളായുണ്ട്. ഡയറക്ടർ ഓഫ് റിസർച്ച്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, ഡീൻ, പ്രോജക്ട് കോഡിനേറ്റർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരും അംഗങ്ങളാണ്. ഓരോ വർഷവും ഈ കമ്മിറ്റിയുടെ മീറ്റിംഗുകളിൽ കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും കൈക്കൊള്ളേണ്ട നയങ്ങൾ തീരുമാനിക്കുകയും പുത്തൻ പ്രവർത്തനമേഖലകൾ നിശ്ചയിക്കുകയും ചെയ്യുന്നു.

### ടെക്നിക്കൽ പ്രോഗ്രാം കമ്മിറ്റി

കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ടെക്നിക്കൽ പ്രോഗ്രാം കമ്മിറ്റിയുടെ അദ്ധ്യക്ഷ/ൻ കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം മേധാവിയാണ്. ഈ കമ്മിറ്റിയിൽ വിവിധ ഫാക്കൽറ്റികളുടെ ഡീൻമാർ, ഡയറക്ടർമാർ, ഗവേഷണവിഭാഗത്തിന്റെ വിവിധ അസ്സോസിയേറ്റ് ഡയറക്ടർമാർ, റിസർച്ച് കോർഡിനേറ്റർമാർ, കാർഷിക സ്ത്രീ പഠനകേന്ദ്രം പ്രോജക്ട് ടീമംഗങ്ങൾ എന്നിവരോടൊപ്പം സംസ്ഥാനത്തെ കാർഷികരംഗത്തെയും വനിതാവികസന രംഗത്തെയും ഗവേഷണം, വിജ്ഞാന വ്യാപനം, വികസനം എന്നി മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഈ കമ്മിറ്റിയുടെ പ്രവർത്തനം വിവിധ ഏജൻസികളും വകുപ്പുകളും തമ്മിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനം കാർഷിക ഗ്രാമവികസന രംഗത്തെ സ്ത്രീകളുടെ ഉന്നമനത്തിനായി ഏകോപിക്കുക എന്നതാണ്.

### പ്രോജക്ട് ടീം

ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പ്രോജക്ട് ടീം, 18 അംഗങ്ങളുള്ളതാണ്. കാർഷിക സർവ്വകലാശാലയുടെ അഗ്രികൾച്ചർ, വെറ്ററിനറി, ഫിഷറീസ്, അഗ്രിക്കൾച്ചറൽ എഞ്ചിനിയറിങ്ങ് എന്നീ നാലു മേഖലകളെയും, കേരളത്തിന്റെ പ്രധാനപ്പെട്ട അഞ്ചു കാർഷിക മേഖലകളിലെ ഗവേഷണകേന്ദ്രങ്ങളെയും പ്രതിനിധീകരിക്കുന്ന ശാസ്ത്രജ്ഞരാണിവർ. കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളും കാർഷിക രംഗത്തെ സമസ്തമേഖലകളിലെയും – കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം, പ്രകൃതിവിഭവ പരിപാലനം എന്നിവയിലെയെല്ലാം സ്ത്രീ പങ്കാളിത്തത്തെയും വികസനത്തെയും ലക്ഷ്യമിടുന്നവയുമാണ്. കേരളത്തിലെ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ എങ്കിലും ഈ കേന്ദ്രം ഈ രംഗത്തെ പ്രഥമ കാൽവെയ്പെന്ന നിലയിൽ ദേശീയതലത്തിൽ തന്നെയാണ് സേവനം കാഴ്ചവെയ്ക്കുന്നതും, മാതൃകയാക്കുന്നതും. എല്ലാ മൂന്നുമാസം കൂടുമ്പോഴും പ്രോജക്ട് ടീം ഒത്തുകൂടുകയും പ്രവർത്തനങ്ങളെ വിലയിരുത്തി, മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു. പ്രസ്തുത ടീമിന്റെ അദ്ധ്യക്ഷ/ൻ ഈ കേന്ദ്രത്തിന്റെ പ്രോജക്ട് കോഡിനേറ്റർ ആണ്.

ഈ കേന്ദ്രത്തിന്റെ മേൽവിവരിച്ച പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിക്കാനായി നാലുപ്രവർത്തന മണ്ഡലങ്ങൾ – (ഗവേഷണം, കെൽപ് രൂപീകരിക്കൽ, നയോപദേശം, ശൃംഖലാ രൂപീകരണവും & ഡോക്യുമെന്റേഷനും) കേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ വിഭാവനചെയ്ത് ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ നാലു പ്രവർത്തന മണ്ഡലങ്ങളും, അവയിലെ പ്രത്യേക പ്രവർത്തനങ്ങളും വഴി നേരത്തെ സൂചിപ്പിച്ചതുപോലെ കാർഷിക സർവ്വകലാശാലയുടെ പ്രവർത്തന അവസരങ്ങളായ ഗവേഷണം, വിജ്ഞാനവ്യാപനം, വിദ്യാഭ്യാസം എന്നിവയിലൂടെ കാർഷികരംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരവും അവരുടെ ആവശ്യങ്ങൾക്ക് ഉതകുന്നതുമായ സാങ്കേതിക വിദ്യകളും സമീപനങ്ങളും രൂപീകരിക്കുകയും അതിനുവേണ്ട പ്രചോദനം നൽകുകയും ചെയ്യുന്നു.

## കെൽപ് രൂപീകരണം (Capacity development)

കാർഷിക രംഗത്തെ ശാസ്ത്രജ്ഞർ, വിജ്ഞാനവ്യാപന പ്രവർത്തകർ, വികസന ഏജൻസികൾ, ഭരണാധികാരികൾ, തീരുമാനം കൈക്കൊള്ളുന്നവർ, നയരൂപീകരണം നടത്തുന്നവർ, സപ്പോർട്ട് ഏജൻസികൾ, കർഷകർ, കർഷക സ്ത്രീകൾ, കാർഷിക വിദ്യാർത്ഥികൾ, കാർഷിക മേഖലയിലെ ഭരണസംവിധാന ഓഫീസുകളിലെ പ്രവർത്തകർ തുടങ്ങിയവർക്കിടയിൽ കാർഷിക രംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും, അവയെ മറികടക്കാൻ സ്ത്രീകൾക്ക് അവരുടെ വിവിധ ധർമ്മങ്ങളിൽ (കർഷകർ, കർഷകന്റെ സഹായി, കർഷകതൊഴിലാളി, കാർഷിക വ്യവസായ സംരംഭകർ, കാർഷിക രംഗത്തെ സ്വയം സഹായ സംഘങ്ങളിലെ പ്രവർത്തകർ) അവർക്ക് കിട്ടേണ്ട വികസന സമീപനങ്ങളെക്കുറിച്ചും, വിഭവങ്ങളെകുറിച്ചും സാങ്കേതിക വിദ്യകളെക്കുറിച്ചും, സ്ഥാപനബന്ധങ്ങളെകുറിച്ചും അവബോധവും അത്തരം നയങ്ങളും പദ്ധതികളും സമീപനങ്ങളും രൂപകൽപനചെയ്ത് പുതിയ സമീപനം നടപ്പിലാക്കാനുള്ള വൈദഗ്ധ്യവും ഉണ്ടാക്കുകയെന്നതാണ് കെൽപ് രൂപീകരണം വഴി കാർഷിക സ്ത്രീ പഠനകേന്ദ്രം ലക്ഷ്യമാക്കുന്നത്.

### ഗവേഷണം

കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ഗവേഷണധർമ്മം – രണ്ട് പ്രധാന ചുമതലകൾ ലക്ഷ്യമാക്കുന്നു. – ഒന്നാമത്തേത്, കാർഷിക രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളിലും സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് സംയോജിപ്പിക്കുക വഴി, കാർഷിക വികസന ഗവേഷണ ഫലങ്ങൾ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും പ്രാപ്യവും യോജിക്കുന്നതാക്കുകയുമെന്നതാണ് (engendering of agricultural research). രണ്ടാമത്തേത്, കാർഷിക രംഗത്തെ സ്ത്രീവിവേചന പ്രശ്നങ്ങളിൽ ഗവേഷണം നടത്തുകയും വേണ്ട സ്ഥിതി വിവരകണക്കുകളും, നിഗമനങ്ങളും രൂപീകരിക്കുകയെന്നതുമാണ് (research on gender issues). ഇതിലേക്ക് നിലവിലുള്ള കാർഷികാന്തരീക്ഷത്തിലെ സ്ത്രീപുരുഷ പങ്കാളിത്തം, സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രവർത്തന മേഖലകൾ, തൊഴിലവസരങ്ങൾ, നിലവിലുള്ള സാങ്കേതിക വിദ്യകൾ, വികസന സ്ഥാപനങ്ങൾ, വിഭവങ്ങൾ എന്നിവയുടെ ആഴത്തിലുള്ള പഠനങ്ങളും, വിശകലനങ്ങളും നടത്തുകയും ഇവയിലൊക്കെ വരുന്ന മാറ്റങ്ങൾ സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്ന് പരി

ശോധിക്കുകയും ചെയ്യുന്നു. അതോടൊപ്പം സ്ത്രീകൾക്കിണങ്ങിയ ഇത്തരം കാർഷിക വ്യവസ്ഥകൾ, സ്ഥാപനങ്ങൾ, സാങ്കേതികവിദ്യകൾ, വിഭവ പരിപാലനം എന്നിവ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

## നയോപദേശം (Policy Advocacy)

ഈ കേന്ദ്രത്തിന്റെ നയോപദേശ പ്രവർത്തനം കാർഷിക മേഖലയെ പ്രത്യേകിച്ചും, വികസന രംഗത്തെ പൊതുവായും സ്ത്രീപുരുഷ പങ്കാളിത്ത വികസന കാഴ്ചപ്പാടെന്ന ലെൻസിലൂടെ (gender lens) നിരന്തരം സൂക്ഷ്മാവലോകനം ചെയ്യുകയും, സ്ത്രീവിവേചനമായിട്ടും സ്ത്രീകൾക്ക് അപായകരമായും കാണുന്ന നയങ്ങളെയും, മാനദണ്ഡങ്ങളെയും, സാങ്കേതികവിദ്യകളെയും ഘടകങ്ങളെയും ചുറ്റുപാടുകളെയും സമീപനങ്ങളെയും സ്ഥാപനങ്ങളെയും ചൂണ്ടിക്കാണിച്ച്, പുത്തൻ ഗവേഷണ അജണ്ടയ്ക്ക് ബദൽ നയങ്ങൾക്കും, മാനദണ്ഡങ്ങൾക്കും അതാത് ഏജൻസികളോട് ആവശ്യപ്പെടുകയും വിവിധതലങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു.

## ഡോക്യുമെന്റേഷൻ ആന്റ് നെറ്റ്‌വർക്കിംഗ്

കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ഡോക്യുമെന്റേഷൻ ആന്റ് നെറ്റ് വർക്കിംഗ് പ്രവർത്തനങ്ങൾ കാർഷിക സ്ത്രീപക്ഷപങ്കാളിത്തത്തെക്കുറിച്ചും, സ്ത്രീവിവേചനങ്ങളെക്കുറിച്ചും, സ്ത്രീപക്ഷ കാഴ്ചപ്പാടുകളെക്കുറിച്ചും മറ്റുമുള്ള പഠനങ്ങൾ, രചനകൾ, ചലച്ചിത്രങ്ങൾ, ജേർണലുകൾ, മാസികകൾ, ബുക്കുകൾ തുടങ്ങിയവയുടെ ഒരു ശേഖരം തന്നെ ഒരുക്കുന്നു. ഇവയോടൊപ്പം ഈ കേന്ദ്രത്തിന്റെ വിവിധ പഠനങ്ങളും റിപ്പോർട്ടുകളും, ചിത്രീകരണങ്ങളും ഈ ശേഖരത്തിൽ ഉൾപ്പെടുന്നു. അതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിൽ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളുമായി സഹകരണത്തിനും കൂട്ടായ പ്രവർത്തനത്തിനുമുള്ള ശൃംഖലയുടെ വേദിയൊരുക്കുകയും ചെയ്യുന്നു.

വിവിധ കാർഷിക സർവ്വകലാശാലകളുടെ പ്രവർത്തന മേഖലയിൽ ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ ഇത്തരത്തിൽ ആദ്യത്തെ സംരംഭമെന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും, അനുഭവങ്ങൾക്കും, നേട്ടങ്ങൾക്കും ചരിത്ര പ്രാധാന്യമുണ്ടെന്ന വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ആദ്യത്തെ ഏഴു വർഷത്തെ (1999–2006) പ്രവർത്തനത്തിന്റെ രത്നചുരുക്കം തുടർന്നുള്ള പേജുകളിൽ അവതരിപ്പിച്ചിരിക്കുന്നു.



കാർഷികരംഗത്തെ

സ്ത്രീപുരുഷപങ്കാളിത്ത
കാഴ്ചപ്പാടിനും, സ്ത്രീകൾക്കു
മിണങ്ങുന്ന ഗവേഷണത്തിനും,
വിജ്ഞാനവ്യാപനത്തിനും,
വിദ്യാഭ്യാസത്തിനും, നയരൂപീ
കരണത്തിനും, സഹായ സേവ
നങ്ങൾക്കും വേണ്ട

"കെൽപ് രൂപീകരണം".

## കാർഷിക സ്ത്രീ പഠനകേന്ദ്രം ( 1999-2006)

## കെൽപ്പ് രൂപീകരണ സംരംഭങ്ങൾ (Capacity development initiatives)

ദേശീയതലത്തിൽ തന്നെ കാർഷിക രംഗത്തെ ശാസ്ത്രസമൂഹത്തിൽ സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാടും അവബോധവും, രൂപീകരിക്കാനും അത്തരം കാഴ്ചപ്പാട് പ്രവർത്തനപഥത്തിൽ വരുത്താൻ വേണ്ട മനസ്സും വൈദഗ്ധ്യവും ഉണ്ടാക്കുവാനുമുള്ള പ്രവർത്തനത്തിന് (gender main streaming) തുടക്കം കുറിച്ചത് ഈ കേന്ദ്രമാണ്. കാർഷികരംഗത്തെ ഗവേഷണം, വിജ്ഞാനവ്യാപനം, വിദ്യാഭ്യാസം, കർഷകർക്കുള്ള സഹായസേവനസ്ഥാനങ്ങൾ എന്നിവയിൽ സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാട് കൊണ്ടുവരികവഴി കാർഷിക രംഗം, പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കു കൂടി യോജിച്ചതാക്കി മാറുകയും അതിനുവേണ്ട പ്രേരണയായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ കെൽപുണ്ടാക്കൽ പ്രവർത്തനങ്ങൾക്കൊണ്ട് ലക്ഷ്യമാക്കുന്നത്. ഇതിലേക്ക് ഈ കഴിഞ്ഞ ഏഴു വർഷകാലയളവിൽ ഈ കേന്ദ്രം നിരന്തരമായ പ്രവർത്തനങ്ങളിലൂടെ വികസനരംഗത്തെ വിവിധ തൽപ്പരകക്ഷികളിൽ - (താഴേത്തട്ടു മുതൽ ദേശീയതലം വരെയുള്ള ആസൂത്രകർ, നയവിദഗ്ധർ, ഭരണകർത്താക്കൾ, തദ്ദേശഭരണ സംവിധാനങ്ങൾ, ശാസ്ത്രജ്ഞർ, വിജ്ഞാനവ്യാപന പ്രവർത്തകർ, ബാങ്ക് ഏജൻസികൾ, സ്ത്രീകർഷകർ, ഗവേഷകർ, സ്ത്രീകർഷക തൊഴിലാളികൾ, വനിതാ സംരംഭകർ, സ്ത്രീ സംഘങ്ങൾ, കാർഷിക സർവ്വകലാശാല വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ) എത്തിക്കൊണ്ടിരിക്കുന്ന കണക്കു പരിശോധിച്ചാൽ ഒരു വർഷം 1500-ലധികം പങ്കാളികളും, പഠിതാക്കളും എന്നനിരക്കിൽ ഈ ചെറുകേന്ദ്രത്തിന് ചൂണ്ടികാണിക്കാനുണ്ടെന്ന് കാണാം. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതിനെ തുടർന്ന് ശാസ്ത്രജ്ഞരും, വിജ്ഞാനവ്യാപന പ്രവർത്തകരും മററും അവരുടെ ഗവേഷണത്തിലും വിജ്ഞാനവ്യാപനത്തിലും കൈക്കൊള്ളുന്ന പ്രവർത്തനങ്ങളും എടുക്കുന്ന തീരുമാനങ്ങളും കാർഷിക രംഗത്തെ സ്ത്രീകൾക്കും കൂടി യോജിച്ചതാക്കാനുള്ള മനംമാറ്റമാണ് ലക്ഷ്യമാക്കുന്നത്. ഭരണകർത്താക്കളും നയരൂപീകരണ വിദഗ്ധരും ആസൂത്രകരും അവരുടെ വികസന സമീപനങ്ങളിൽ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് എന്തുകൊണ്ട് കൈക്കൊള്ളണമെന്ന് മനസ്സിലാക്കുകയും അതിനുവേണ്ടി ചുമതലയേറെറടുക്കുകയും ചെയ്യുന്നു. കാർഷിക വിജ്ഞാന വ്യാപനം എങ്ങനെ സ്ത്രീകൾക്കും പുരുഷന്മാർക്കും ഇണങ്ങുന്നതാണെന്ന് മാതൃകാ വിജ്ഞാനവ്യാപന പരിപാടികൾ വഴി – (ഡെമോൺസ്ട്രേഷൻ യുണിറ്റ്, സാങ്കേതിക വിദ്യാപരിശീലനം, വ്യവസായസംരംഭക പരിശീലനം എന്നിവയുടെ മാതൃകാ പ്രവർത്തനം) കാർഷിക വിജ്ഞാനവ്യാപന പ്രസ്ഥാനത്തിന് മാർഗ്ഗദർശനം നൽകുന്നതും ഈ കേന്ദ്രം ലക്ഷ്യമാക്കുന്നു.

ഇതിലേക്കുള്ള നാന്ദികുറിച്ചത് 2000 നവംബർ 6–9 തീയതികളിൽ ഈ കേന്ദ്രം ചെന്നൈയിലെ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനുമൊത്ത് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർക്ക് നടത്തിയ ജെൻഡർ അനാലിസിസ് ഇൻ അഗ്രിക്കൾച്ചർ എന്ന ശിൽപശാലയിലൂടെയാണ്. ഈ ശിൽപശാല സർവ്വകലാശാലയിലെ 30 ശാസ്ത്രജ്ഞർക്ക് സാമൂഹ്യ

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ കെൽപ് രൂപീകരണ ശ്രമങ്ങൾ





"ജൻഡർ അനാലിസിസ് ഇൻ അഗ്രിക്കൾച്ചർ" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉത്ഘാടനവും പങ്കെടുത്തവരും






ജൻഡർ കാഴ്ചപ്പാട് കാർഷിക വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി നടത്തിയ ചർച്ചയുടെ ദൃശ്യങ്ങൾ

അന്തർദേശീയ കോഴ്സിൽ (SEAGA) പങ്കെടുത്തവർ





അന്തർദേശീയ കോഴ്സിന്റെ (SEAGA) തുടർപരിശീലനപരിപാടിയുടെ ദൃശ്യങ്ങൾ

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ കെൽപ്പ് രൂപീകരണ ശ്രമങ്ങൾ



FAOയും **കാർഷിക സ്ത്രീ പഠനകേന്ദ്രവും** ഒരുമിച്ച് നടത്തിയ പരിശീലനം





വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കാർഷിക രംഗത്തെ ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം



കേരള കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥികളുമായി നടത്തിയ തുറന്ന ചർച്ച

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ കെൽപ് രൂപീകരണ ശ്രമങ്ങൾ









ബാങ്കുദ്യോഗസ്ഥർക്കും മററുവികസന ഏജൻസികൾക്കും വേണ്ടിയുള്ള
വിവിധ പരിശീലന ദൃശ്യങ്ങൾ





കാർഷിക രംഗത്തെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനങ്ങൾ

## സ്ത്രീ പഠനകേന്ദ്രത്തിന്റെ കെൽപ്‌രൂപീകരണ ശ്രമങ്ങൾ

വനിതൾക്കിണങ്ങിയ കാർഷിക തൊഴിൽ പ്രദർശന യൂണിററുകൾ



വനിതാ ടിഷ്യൂകൾച്ചർ ലാബ് , നാട്ടിക, തൃശ്ശൂർ





വനിതാ പുഷ്പകൃഷി പ്രദർശന യൂണിററ്, പെരിഞ്ഞനം, തൃശ്ശൂർ





മണ്ണിരകമ്പോസ്റ്റ് പ്രദർശന യൂണിററ്, മണ്ണുത്തി

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ കെൽപ്‌രൂപീകരണ ശ്രമങ്ങൾ

കാർഷിക വനിതൾക്ക് തൊഴിൽ വൈദഗ്ധ്യവും വ്യവസായ സംരംഭകത്വവും നല്കാനുള്ള പരിശീലന കളരികൾ









വിവിധ പഞ്ചായത്തുകളിൽ സംഘടിപ്പിച്ച അഗ്രോക്ലിനിക്കുകൾ





കർഷകരുമൊത്തുള്ള PRA സെഷനുകളുടെ ദൃശ്യങ്ങൾ

ലിംഗപദവി, സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട്, സ്ത്രീപുരുഷ പങ്കാളിത്ത വിശകലനം (gender analysis) തുടങ്ങിയ ആശയങ്ങളെയും ബന്ധപ്പെട്ട വിശകലനരീതികളെയും പരിചയപ്പെടുത്തി. വീണ്ടും 2001 ജനുവരി 8–10 തീയതികളിൽ ഇതേ ടീമിനുതന്നെ കാർഷിക വിദ്യാഭ്യാസരംഗത്തും ഈ കാഴ്ചപ്പാട് എങ്ങിനെകൊണ്ടുവരണമെന്ന ശിൽപശാലയും (engendering of field trainings of UG programmes of KAU) നടത്തുകയുണ്ടായി. ശാസ്ത്രജ്ഞരോടൊപ്പം വിദ്യാർത്ഥികളുടേയും പങ്കാളിത്തം വഴി ഈ ശിൽപശാല കാർഷിക വിദ്യാഭ്യാസരംഗം എങ്ങനെ വിദ്യാർത്ഥികൾക്ക് അവരുടെ ഭാവി പ്രവർത്തനമേഖലകളും, കർഷകരേയും അവരുടെ യാഥാർത്ഥ്യങ്ങളെയും പ്രശ്നങ്ങളെയും മനസ്സിലാക്കുന്നതാകണമെന്ന് ചൂണ്ടിക്കാണിച്ചു. ഇത്തരം സമീപനത്തിന്റെയാവശ്യം 1999 ൽ ഈ കേന്ദ്രം വിദ്യാർത്ഥികൾക്കായിട്ട് നടത്തിയ നടത്തിയ "കാർഷിക രംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് രൂപീകരിക്കൽ"എന്ന ശിൽപശാലയിലും ഓർമ്മിപ്പിച്ചിരുന്നു.

2002 ഒക്ടോബർ 21 മുതൽ 30 തീയതികളിൽ ഈ കേന്ദ്രം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ കാർഷിക ഗവേഷണ, വിജ്ഞാനവ്യാപന, വിദ്യാഭ്യാസ രംഗത്തെ സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാട് എന്ന ഹ്രസ്വകാല പരിശീലന പരിപാടി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക ശാസ്ത്രജ്ഞർക്കുവേണ്ടി നടത്തുകയുണ്ടായി. അതിനെ തുടർന്ന് ദേശീയതലത്തിൽതന്നെ ഈ കേന്ദ്രം ഒരു മാസത്തെ 'കാർഷികരംഗത്തെ സ്ത്രീകൾ' എന്ന പരിശീലനം 2001 നവംബർ 5–ാം തിയതി മുതൽ 30–ാം തിയ്യതി വരെയുള്ള കാലയളവിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ കാർഷിക വകുപ്പുദ്യോഗസ്ഥർക്കു വേണ്ടി നടത്തി.

ഇതോടൊപ്പം കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ ടീമംഗങ്ങൾക്കും സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാടിലും ബന്ധപ്പെട്ട വിഷയങ്ങൾകൈകാര്യം ചെയ്യാൻ വേണ്ട കെൽപ് രൂപീകരണം വിവിധ ഏജൻസികളോടൊത്ത് ഈ കേന്ദ്രം നടത്തിവന്നിരുന്നു. ഇതിന്റെ ഭാഗമായിട്ട് ഈ കേന്ദ്രത്തിന്റെ പ്രോജക്ട് കോഡിനേറ്റർ നെതർലാന്റ്സിലെ ഇന്റർനാഷണൽ അഗ്രിക്കൾച്ചർ സെന്ററിൽ നിന്നും 2002 ജനുവരിയിൽ പരിശീലനം നേടുകയുണ്ടായി. അതിനെതുടർന്ന് റോമിലെയും ബാങ്കോക്കിലേയും ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ സഹായത്തോടെ കാർഷികസ്ത്രീപഠനകേന്ദ്രത്തിന്റെ ടീമംഗങ്ങൾക്കും, ജൻഡർ പെർസ്പെക്ടീവ്സിൽ വിവിധ പരിശീലനം നൽകാൻ കഴിഞ്ഞു. ഈ കേന്ദ്രത്തിന്റെ ടീമംഗങ്ങൾക്കൊപ്പം ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഭുവനേശ്വറിലെ റിസർച്ച് സെന്റർ ഫോർ വിമൺ ഇൻ അഗ്രിക്കൾച്ചർ (NRCWA) ലെ ശാസ്ത്രജ്ഞർക്കും ഈ കേന്ദ്രം 2004 സെപ്റ്റംബറിൽ നടത്തിയ ഇന്റർനാഷണൽ കോഴ്സ് ഓൺ സോഷ്യോ ഇക്കോണമിക്ക് ആൻഡ് ജൻഡർ അനാലിസിസ് കോഴ്സ് (SEAGA) വഴി പരിശീലനം നൽകിയിരുന്നു. ഈ കോഴ്സിൽ പങ്കെടുത്തവരുടെ ഒരു തുടർപരിപാടിയും പരിശീലനവും FAO ടീമംഗങ്ങൾ എത്തി 2006 ഒക്ടോബറിൽ ഈ കേന്ദ്രത്തിൽ വെച്ച്തന്നെ നടത്തുകയും ചെയ്തു. ഈ

ഏററവുംഅടുത്ത് 2006 ഒക്ടോബറിലും FAO റോമിന്റെയും, കേന്ദ്ര കാർഷിക വകുപ്പിന്റെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷന്റെയും സഹായത്തോടെ "Gender Disaggregated Data Development (GDDD)" എന്ന വിഷയത്തിൽ വിവിധ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുദ്യോഗസ്ഥർക്ക് ഈ കേന്ദ്രം പരിശീലനം നൽകി.

കാർഷിക വിദ്യാഭ്യാസത്തിൽ **Gender perspectives** ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി **(Engendering of Agricultural Curriculam) FAO**, ബാങ്കോക്കിന്റെ സഹായത്തോടെ സർവ്വകലാശാലയിലെ വിവിധ കോളേജ് ഡീൻസ്, ശാസ്ത്രജ്ഞന്മാർ, വിദ്യാർത്ഥികൾ, എന്നിവർക്ക് 2002-2003 കാലയളവിൽ 12 ലധികം ശിൽപശാലകൾ സംഘടിപ്പിച്ചു. ഈ ശിൽപശാലകൾ നിലവിലുള്ള സിലബസ്സിൽ കാർഷിക രംഗത്തെ സ്ത്രീപ്രശ്നങ്ങളെ കുറിച്ചുള്ള പരാമർശം എത്രമാത്രം കുറവാണെന്നും, ഇവ ഏതെല്ലാം വിഷയങ്ങൾ വഴി സിലബസിൽ കൈകാര്യം ചെയ്യേണ്ടതാണെന്നും ചൂണ്ടിക്കാണിക്കുന്നതിനൊപ്പം കാർഷിക വിദ്യാഭ്യാസത്തിലൂടെ കാർഷിക രംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാട് വികസനരംഗത്ത് കൊണ്ടുവരാനുള്ള മാതൃക ഉണ്ടാക്കുകയും ചെയ്തു (model approach for engendering of Agricultural education)..

ഇതിനൊക്കെ പുറമെ സർവ്വകലാശാലയുടെ വിവിധ കാമ്പസ്സുകളിൽ എല്ലാവർഷവും, സർവ്വകലാശാല ജീവനക്കാർക്കിടയിൽ **gender perspective** കാഴ്ചപ്പാട് രൂപീകരിക്കാൻ വേണ്ട, ശിൽപശാലകളും നടത്തി വരുന്നു. ഇതിലൂടെ ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും, അനദ്ധ്യാപക ജീവനക്കാർക്കും, തൊഴിലാളികൾക്കും കാർഷിക സ്ത്രീപഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുകയും, ഇത്തരം വികസനത്തിൽ അവരുടെ മാറിയ മനോഭാവത്തിന്റെയും പങ്കാളിത്തത്തിന്റെയും ആവശ്യകത മനസ്സിലാക്കികൊടുക്കുകയും, ഓരോരുത്തരും അവരവരുടെ കർമ്മപഥത്തിൽ ഈ സമീപനം കൈക്കൊള്ളാൻ പ്രേരിപ്പിക്കുകയും ചെയ്തുവരുന്നു (gender sensitisation). കോളേജുകളിൽ വിദ്യാർത്ഥികൾക്കുവേണ്ടി സ്ത്രീപുരുഷ പങ്കാളിത്തവികസന കാഴ്ചപ്പാടിന്റെ വിശേഷാൽ പരിശീലന സെഷനുകളും നടത്തിവരുന്നുണ്ട്. ശാസ്ത്രജ്ഞർ അവർ ചെയ്യുന്ന ഗവേഷണങ്ങളിൽ ഈ സമീപനം ഉൾക്കൊള്ളിക്കാൻ ഗവേഷണഫലങ്ങൾ സ്ത്രീകൾക്കും എത്തിക്കാൻ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഇതിന്റെയൊക്കെ ഫലമെന്നോണം സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും സ്ത്രീകളുടെ വികസനം ലാക്കാക്കിയുള്ള ഗവേഷണങ്ങളും സാങ്കേതിക വിദ്യാവ്യാപനവും ഇക്കഴിഞ്ഞ കാലയളവിൽ ഗണ്യമായ തോതിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാടോടെയുള്ള വികസനം സാദ്ധ്യമാക്കാൻ ഈ കേന്ദ്രത്തിന് ഗവേഷണ വിജ്ഞാനവ്യാപനവും, വികസനവുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ വികസന വകുപ്പുകൾ (കൃഷി, മൃഗസംരക്ഷണം, മത്സ്യവികസനം) റബർബോർഡ്, നബാർഡ്, SFAC, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമവകുപ്പ്,

പോലീസ് അക്കാഡമി, വിവിധ സന്നദ്ധ സംഘടനകൾ തുടങ്ങിയവയ്ക്ക് സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപാടുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൃഷിവകുപ്പു നടത്തുന്ന "സ്ത്രീകൾ കാർഷികരംഗത്ത്" എന്ന പദ്ധതിക്കുവേണ്ട പരിശീലനങ്ങൾ, വിലയിരുത്തൽ പഠനങ്ങൾ നടത്തുന്ന പ്രധാന സ്ഥാപനമായും ഈ കേന്ദ്രം 2001 മുതൽ പ്രവർത്തിക്കുന്നുണ്ട്.

സയൻസും സാങ്കേതിക വിദ്യകളും (Science and Technology) വനിതകളുടെ ജീവിതത്തിന് ഉതകുന്നതാക്കാൻ ഈ കേന്ദ്രത്തിൽ നിന്നും തുടങ്ങിയിട്ടുള്ള മറ്റൊരു കെൽപ് രൂപീകരണ പരിപാടിയായി, കോളേജുകളിലെയും സ്ക്കൂളുകളിലെയും സയൻസ് വിദ്യാർത്ഥിനികൾക്കിടയിൽ കാർഷികരംഗത്ത് അഭ്യസ്തവിദ്യർക്ക് ആരംഭിക്കാവുന്ന തൊഴിലവസരങ്ങൾ പരിചയപ്പെടുത്തികൊടുക്കൽ, അതോടൊപ്പം ശാസ്ത്രഗവേഷണരംഗത്ത് പ്രവർത്തിച്ചിട്ട് ജോലിയിൽ നിന്ന് വിട്ടുനിൽകേണ്ടിവന്ന വനിതകൾക്കും, സയൻസ് ബിരുദം നേടിയിട്ട് തൊഴിൽ കിട്ടാത്തവർക്കുമായുള്ള സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ തൊഴിൽ പ്രവേശന പദ്ധതിയ്ക്കും ഈ കേന്ദ്രം വളരെ പ്രചാരം കൊടുക്കുന്നു.

## സ്ത്രീകൾക്കിണങ്ങിയ സാങ്കേതിക വിദ്യാപ്രചരണവും സ്ത്രീശാക്തീകരണവും ലാക്കാക്കിയുള്ള മാതൃകാപദ്ധതികൾ

കാർഷിക സ്ത്രീ പഠനകേന്ദ്രം സ്ത്രീകൾക്ക് തൊഴിലും വരുമാനവും നൽകാനുതകുന്ന സാങ്കേതിക വിദ്യകളുടെ വ്യാപനത്തിനും, സ്ത്രീ സംഘങ്ങളുടെ കെൽപ് രൂപീകരണത്തിനുമായി ഫീൽഡുതല മാതൃകാപദ്ധതികൾ നടപ്പിലാക്കി വരുന്നു. വനിതാ വികസനത്തിനായി ഫീൽഡിൽ സ്ത്രീസംഘങ്ങൾക്കിടയിൽ നേരിട്ട് വനിതകളുടെ പദ്ധതികൾ നടത്തുകയെന്നതല്ല ഈ കാർഷിക കേന്ദ്രത്തിന്റെ സമീപനമെങ്കിലും അത്തരത്തിൽ പ്രവർത്തിക്കുന്ന വനിതാ വികസന ഏജൻസികൾക്കും, പദ്ധതികൾക്കും, സംഘങ്ങൾക്കും അനുകരിക്കാവുന്ന മാതൃകകൾ നിർദ്ദേശിക്കുകയെന്നതാണ് ഈ കേന്ദ്ര വിജ്ഞാനവ്യാപനത്തിന് നേരിട്ടുള്ള മാതൃകാ ഫീൽഡ്തല പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്. ഈ ലക്ഷ്യം വച്ചുതന്നെ വനിതാ വ്യവസായ സംരംഭകരുടെ ഉന്നമനം ലാക്കാക്കി വികസനരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഒരു കൺസോർഷ്യം നെറ്റ് വർക്കും ഈ കേന്ദ്രത്തിൽ നിന്ന് രൂപീകരിച്ച് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

സ്ത്രീകൾക്ക് ആദായകരമായി ഒറ്റയ്ക്കും, സംഘമായിട്ടും അധികം ആയാസമില്ലാതെയും മറ്റും തുടങ്ങാവുന്ന കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങളിൽ വനിതാഗ്രൂപ്പുകളുടെ മാതൃകാ പ്രദർശന യൂണിറ്റുകൾ ഈ കേന്ദ്രം ഭാരതസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ ( DBT ) സഹായത്തോടെ തൃശ്ശൂരിലെ പെരിഞ്ഞനത്തും, നാട്ടികയിലും, മണ്ണുത്തിയിലും നടത്തിവരുന്നുണ്ട്. കാർഷിക വ്യവസായ സംരംഭകരായി പ്രവർത്തിക്കുന്നവർക്കും, സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്കും പ്രശ്നപരിഹാരങ്ങൾക്കായി എല്ലാ മാസവും തെരഞ്ഞെടുത്ത വിഷയങ്ങളിൽ അഗ്രോക്ലിനിക്കുകൾ വിവിധ പഞ്ചായത്തുകളിൽ നടത്തിവരുന്നുണ്ട്. അതോടൊപ്പം വനിതാ വ്യവസായ സംരംഭകർക്കായി ടിഷ്യുകൾച്ചർ,

പുക്കൃഷി, മണ്ണിരക്കമ്പോസ്റ്റിംഗ്, ഔഷധസസ്യകൃഷി, കുൺകൃഷി, കോഴിവളർത്തൽ, കാട വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ സാങ്കേതിക വിദ്യയോടൊപ്പം ഈ സംരംഭങ്ങൾ ആദായകരമായി നോക്കി നടത്താൻ വേണ്ട വ്യവസായ സംരംഭകത്വ പരിശീല നവും വനിതകൾക്കായി ഈ കേന്ദ്രത്തിൽ നിന്നും  നൽകി വരുന്നു. സ്ത്രീകർഷകർക്കായിട്ട് കൃഷി നടത്തിപ്പിലും സ്ത്രീകർഷകതൊഴിലാളികൾക്കായിട്ട് കാർഷികരംഗത്തെ തൊഴിൽ യന്ത്ര ങ്ങളുടെ ഉപയോഗത്തിലും പരിശീലനം നൽകുന്നു. സ്ത്രീ സ്വയം സഹായ സംഘങ്ങൾക്ക് വർഷം മുഴുവൻ വരുമാനം ഉണ്ടാക്കത്തവിധത്തിൽ അനുയോജ്യമായ വിവിധ സംരംഭങ്ങൾ നടത്താനുള്ള ഉപദേശവും, വായ്പ, വിപണി, പരിശീലനം, പ്രോജക്ട് ഉണ്ടാക്കാൻ സഹായിക്കൽ തുടങ്ങി മററു വികസന സ്ഥാപനങ്ങളുമായി ബന്ധപ്പെടാനുള്ള സഹായവും സാങ്കേതികനിർദ്ദേശങ്ങളും വരെ ഈ കേന്ദ്രത്തിൽ നിന്നും വനിതാ സംരംഭങ്ങൾക്കായി നൽകി വരുന്നു. ടെലിഫോൺ വഴിയും ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസായ സംരംഭകർക്ക് നൽകി സഹായിക്കുന്നു.

**സാമൂഹ്യക്ഷേമവകുപ്പിന്റെ മലപ്പുറം റിഹാബിലിറ്റേഷൻ കേന്ദ്രത്തിലെ സ്ത്രീകൾക്ക് വരുമാനമുള്ള തൊഴിൽ പഠിപ്പിക്കൽ പദ്ധതി എന്ന പ്രത്യേകതയുള്ള ഒരു പരിപാടി 2001ൽ ഈ കേന്ദ്രം തുടങ്ങിയിരുന്നു.** ഗ്രാഫ്ടിംഗ് വഴി കശുമാവിൻ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ തയ്യാറാക്കി വിൽക്കാനുള്ള പരിശീലനം കാർഷിക സർവ്വകലാശാലയുടെ തവനൂർ ഫാമിൽ നിന്നും നൽകുകയും, തുടർന്ന് റിഹാബിലിറ്റേഷൻ സെന്ററിലെ അന്തേവാസികൾ കശുമാവിൻ തൈകൾ ഉണ്ടാക്കി വിൽക്കുകയും ചെയ്തു വന്നിരുന്നു. ഇതേപോലെയുള്ള പദ്ധതികൾ അശര ണരും സമൂഹത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരുമായ സ്ത്രീകൾക്കിടയിൽ പുനരധിവാസത്തിനുള്ള തൊഴിൽ പരിശീലന പദ്ധതിയായിട്ട് വലിയതോതിൽ നടപ്പിലാക്കാ വുന്നതാണെന്ന് തിരിച്ചറിയപ്പെടേണ്ടതാണ്.

ഇതേ മാതൃകയിൽ തൃശൂർ ജുവനൈൽ ഹോമിലെ കുട്ടികൾക്ക് ജൈവവൈവിധ്യത്തെ ക്കുറിച്ചും, മരങ്ങളുടെ സംരക്ഷണത്തെക്കുറിച്ചും താൽപര്യം വളർത്താനായ കാർഷികസ്ത്രീ പഠനകേന്ദ്രം സർവ്വകലാശാലയുടെ ഫോറസ്ട്രി കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുമായി ചേർന്ന് ഒരു പദ്ധതി തുടങ്ങിയിട്ടുണ്ട്. **സമൂഹത്തിലെ അനാഥ ബാല്യങ്ങളുടെ പ്രശ്നങ്ങൾ സർവ്വകലാശാലാ സമൂഹത്തിന് തിരിച്ചറിയാനുതകുന്ന അവസരവും ഇത്തരം പരിപാടികൾ സൃഷ്ടിക്കുന്നു.**



# കാർഷിക വിദ്യാഭ്യാസത്തിൽ കാർഷികരംഗത്തെ സ്ത്രീ പുരുഷ പങ്കാളിത്ത വികസന സമീപനം

## കാർഷിക സ്ത്രീ പഠനകേന്ദ്രം ( 1999–2006)

## കാർഷിക വിദ്യാഭ്യാസത്തിൽ കാർഷികരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത വികസന സമീപനം

സുസ്ഥിരതയുള്ള കാർഷികവികസനത്തിനും ദാരിദ്ര്യനിർമ്മാജ്ജനത്തിനും കാർഷികരംഗത്തെ സ്ത്രികൾക്കും പുരുഷൻമാർക്കും അവസരങ്ങൾ ഉറപ്പാക്കാൻ ആ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രവർത്തകർക്കിടയിൽ അവബോധവും അർപ്പണബോധവും വേണം. കാർഷിക സർവ്വകലാശാലാ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഉള്ളടക്കത്തിലും വരുത്തുന്ന മാററങ്ങളിലൂടെ കാർഷിക വിദ്യാഭ്യാസം നേടുന്ന ബിരുദധാരികളെയും വിദ്യ അഭ്യസിപ്പിക്കുന്ന അദ്ധ്യപകരേയും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കായി തയ്യാറാക്കേണ്ടതുണ്ട്. കാർഷിക വിദ്യാഭ്യാസകരിക്കുലം നവീകരണംവഴി കാർഷികോല്പന്നങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള കാർഷികവികസനസമീപനത്തിനു പകരം (commodity approach) മനുഷ്യകേന്ദ്രീകൃതമായ കാർഷികവികസന സമീപനവും (human centred) ബന്ധപ്പെട്ട വിഷയങ്ങളും കാർഷിക വിദ്യാഭ്യാസത്തിൽ കൈകാര്യം ചെയ്യപ്പെടണം. ഇവിടെയും കാർഷിക വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്ന വിളകൾ, മൃഗങ്ങൾ, മത്സ്യം, പ്രകൃതി വിഭവപരിപാലനം തുടങ്ങിയ കാർഷിക രംഗത്തെ എല്ലാ പ്രവർത്തനങ്ങളെയും കുറിച്ചുള്ള പഠനങ്ങളെകുറിച്ചാണ്. ഈ സാങ്കേതിക വിദ്യകൾക്ക് പിറകിലെ മനുഷ്യമുഖവും ജീവിത യാഥാർത്ഥ്യങ്ങളും തിരിച്ചറിഞ്ഞ് വികസനത്തിനായി പ്രവർത്തിക്കാനാണ് കൃഷി വിദ്യാഭ്യാസം, ഈ രംഗത്തെ വികസന പ്രവർത്തകരെ വിദ്യാഭ്യാസത്തിലൂടെ നവീകരിച്ചെടുക്കേതാണ്. ഇത്തരത്തിൽ ഭാവിയിലെ കാർഷികവികസന പ്രവർത്തകരായ ഇപ്പോഴത്തെ കാർഷിക വിദ്യാർത്ഥികൾക്ക് കാർഷിക രംഗത്തെ സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാട് രൂപീകരിക്കാൻ പറ്റിയ വിധത്തിൽ കാർഷികരംഗത്തെ വിവിധ കോഴ്സുകളുടെ കരിക്കുലത്തിൽ മാറ്റവും അതിനുതകുന്ന റഫറൻസ് ബുക്കുകളും, പ്രസ്തുത കോഴ്സുകൾ വിദ്യാർത്ഥികൾക്ക് പഠിപ്പിക്കേണ്ട സർവ്വകലാശാലാ ശാസ്ത്രജ്ഞർക്കുള്ള പരിശീലനവും, മറ്റും ചിട്ടപ്പെടുത്തൽ എന്ന സ്തുത്യർഹമായ സേവനമാണ് ഈ കേന്ദ്രം നിർവ്വഹിച്ചിട്ടുള്ളത്. ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ (എഫ്.എ.ഒ) സഹായത്തോടെ സർവ്വകലാശാലയുടെ വിവിധതലത്തിലുള്ള തീരുമാനമെടുക്കേണ്ട വൈസ് ചാൻസലർ, ഡീൻ, ഡയറക്ടർമാർ, ശാസ്ത്രജ്ഞന്മാർ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ (ഇപ്പോഴത്തെ കാർഷികവികസന പ്രവർത്തകർ), കർഷകർ തുടങ്ങിയവരുമായി നിരന്തരമായ ചർച്ചകളും, ശിൽപശാലകളും നടത്തുകവഴി "ജൻഡർ പെഴ്സപെക്ടീവ്സ് ഇൻ അഗ്രിക്കൾച്ചർ "എന്ന കോഴ്സ് സർവ്വകലാശാലയിലെ എല്ലാ ബിരുദ പഠനങ്ങളിലും ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയുണ്ടായി. ഇതിനെതുടർന്ന് 0+1 ക്രെഡിറ്റോടുകൂടിയ കോഴ്സ്, കാർഷിക ബിരുദപദ്ധതിയിൽ ഓപ്ഷണൽ കോഴ്സായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയുടെ വിവിധ ബിരുദകോഴ്സുകളിലും നിർബന്ധമായും എടുത്തിരിക്കേണ്ട കോഴ്സായിട്ടും ഇതിന്റെ അംഗീകാരത്തിനായിട്ട് സർവ്വകലാശാല അക്കാഡമിക് കൗൺസിലിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അഗ്രിക്കൾച്ചർ ബി.എസ്.സി.

## വിദ്യാഭ്യാസവും ജൻഡർ കാഴ്ചപ്പാടും





കാർഷികവിദ്യാഭ്യാസത്തിൽ ജൻഡർ കാഴ്ചപ്പാട് ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി നടത്തിയ ഉന്നതതല ചർച്ചായോഗത്തിന്റെ ദൃശ്യങ്ങൾ.

കോഴ്സിന്റെ റൂറൽ വർക്ക് എക്സ്പീരിയൻസ് പരിപാടികളും (RAWE) കാർഷിക സ്ത്രീക ളുടെ പ്രശ്നങ്ങൾ വിദ്യാർത്ഥികൾ മനസ്സിലാക്കാനും പഠിക്കാനും വേണ്ട മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുള്ളതാക്കാൻ ഈ കേന്ദ്രത്തിന് 1999 ൽകഴിഞ്ഞിരുന്നു. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാർഷിക സ്ത്രീപഠനകേന്ദ്രം എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (MSSRF) ന്റെ സഹായത്തോടെ ഈ കോഴ്സിന് വേണ്ട ജൻഡർ ഇഷ്യൂസ് ഇൻ അഗ്രി ക്കൾച്ചർ ആന്റ് റൂറൽ ലൈവലിഹുഡ്സ് എന്ന റിസോഴ്സ് ബുക്ക് പ്രസിദ്ധീകരിക്കുകയും അത് 2005 ൽ ഡാർജിലിംഗ് ആൾ ഇന്ത്യ യൂണിവേഴ്സിറ്റി വൈസ് ചാൻസലേഴ്സ് കോൺഫ റൻസിൽ വച്ച് റിലീസ് ചെയ്യുകയും ചെയ്തിരുന്നു. 2007 ൽ ആദ്യമായി ഈ കോഴ്സ് കേരള കാർഷിക സർവ്വകലാശാലയിൽ പഠിപ്പിക്കുവാൻ ആരംഭിക്കുമ്പോഴേക്കും ഈ കോഴ്സ് പഠിപ്പി ക്കേണ്ട അദ്ധ്യാപകർക്കായി പരിശീലനവും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈവിധത്തിൽ കാർഷികരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത കാഴ്ചപ്പാടുൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിനായി ഈ കേന്ദ്രത്തിൽ നിന്നും നടത്തിയിട്ടുള്ള പരിശ്രമങ്ങളും ഫലങ്ങളും ഐ.സി.എ.ആർ. അധി കാരികളെയും അതാത് സമയങ്ങളിൽ അറിയിച്ചിട്ടുണ്ട്.

കാർഷിക വിദ്യാഭ്യാസ രംഗത്ത് കാർഷിക സ്ത്രീ പഠന കേന്ദ്രം ഈ വിധത്തിൽ നേടി യിട്ടുള്ള അനുഭവവും വിഭവങ്ങളും അന്തർദ്ദേശീയതലത്തിലും, ദേശീയതലത്തിലും അംഗീക രിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ട്, എഫ്. എ. ഒ. യുടെ അന്തർദേശീയ ശിൽപശാല, ബീജിംഗ് +ടെൻ ദേശീയ ശിൽപശാല, നാഷണൽ ഫാമേഴ്സ് കമ്മീഷൻ, ഇന്ദിരാഗാന്ധി നാഷ ണൽ ഫോറസ്റ്റ് അക്കാഡമി (IGNFA), വൈസ് ചാൻസലേഴ്സ് കോൺഫറൻസ് തുടങ്ങിയവ യിലും ഈ അനുഭവങ്ങൾ പങ്കുവെയ്ക്കാനായി ഈ കേന്ദ്രം ക്ഷണിപ്പെട്ടിട്ടുണ്ട്. ഈയടുത്തകാ ലത്ത് U.S.India Knowledge Inititativeന്റെ ഭാഗമായി തുടങ്ങിയ കരിക്കുലം ഡവലപ്പ്മെന്റിലും, കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ പരിശ്രമങ്ങൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്.



**കാർഷികരംഗത്തെ സ്ത്രീപുരുഷപങ്കാളിത്ത പ്രശ്നങ്ങളിലെ ഗവേഷണവും, കാർഷിക ഗവേഷണത്തിൽ സ്ത്രീപുരുഷ പങ്കാളിത്ത സമീപനമുൾക്കൊള്ളിക്കലും**

## കാർഷിക സത്രീ പഠനകേന്ദ്രം (1999–2006)

## കാർഷിക സ്ത്രീ പഠനകേന്ദ്രത്തിലെ ഗവേഷണവും കാർഷിക ഗവേഷണത്തിൽ സ്ത്രീകളുടെ പങ്കാളിത്ത സമീപനം ഉൾക്കൊള്ളിക്കലും.

കാർഷിക ഗവേഷണ അജണ്ടയിൽ സ്ത്രീപുരുഷ പങ്കാളിത്ത വികസന സമീപനം ഉൾക്കൊള്ളിക്കുകവഴി ഗവേഷണ പ്രക്രിയയും ഗവേഷണ ഫലങ്ങളും, കാർഷികരംഗത്തെ പുരുഷന്മാരെയും, സ്ത്രീകളെയും, ലക്ഷ്യമാക്കുന്നതും, രണ്ടുകൂട്ടർക്കും യോജിക്കുന്നതും, രണ്ടുകുട്ടർക്കും എത്തുന്നതുമാക്കുകയെന്നതാണ് ലക്ഷ്യമാക്കുന്നത്. ഇത് സാദ്ധ്യമാകുന്നത് കാർഷിക ശാസ്ത്രജ്ഞരിൽ ഇതിനുവേണ്ട അവബോധവും കാഴ്ചപ്പാടും ജെൻഡർ അനാലിസിസുനുള്ള കഴിവും വൈദഗ്ധ്യവും ഉണ്ടാക്കുന്നതോടൊപ്പം, സ്ത്രീകൾക്കു കുടിയിണങ്ങിയ സാങ്കേതികവിദ്യാ വികസനത്തിനും വ്യാപനത്തിനുമുള്ള പ്രാപ്തി ഉണ്ടാക്കുകയെന്നതുംകൂടിയാണ്. ഇതിനുവേണ്ടി ഒട്ടനവധി ശിൽപശാലകളും പരിശീലനങ്ങളും ഈ കേന്ദ്രം കാർഷികരംഗത്തെ ശാസ്ത്രജ്ഞർക്കായി ഒരുക്കിയിട്ടുണ്ട്. ഇത്തരം പരിശീലന അവസരങ്ങളിൽ ഗവേഷകർ കാർഷികതൊഴിൽരംഗത്ത് സ്ത്രീകൾ നേരിടുന്ന സുരക്ഷിതത്വ പ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, തൊഴിൽ നഷ്ടങ്ങൾ, ഭക്ഷ്യ സുരക്ഷിതത്വ നഷ്ടം, പരിസ്ഥിതി ശോഷണം, ജൈവവൈവിധ്യനഷ്ടം ഇവകൊണ്ടുള്ള ഭീഷണി, ജലദൗർലഭ്യം എന്നിവയും സ്ത്രീകൾ ചെയ്യുന്ന വിവിധജോലികൾ, അവയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ, സ്ഥാപനങ്ങൾ, വിപണി, ഭൂമി ഇവയുടെ ലഭ്യത തുടങ്ങിയവയോടൊപ്പം വിശകലനം ചെയ്ത് മനസ്സിലാക്കുന്നു. ശാസ്ത്രജ്ഞർ ഈ വിധത്തിൽ സ്ത്രീപുരുഷ പങ്കാളിത്തവികസന കാഴ്ചപ്പാടോടെ കാർഷിക ഗവേഷണം നടത്താൻ വേണ്ടി പ്രാപ്തരാക്കുന്ന "ജെൻഡർ സെൻസിറ്റൈസേഷൻ ട്രെയിനിംഗ്" പരിശീലനം നടത്താനുള്ള മാനുവൽ, ഈ കേന്ദ്രവും, ഐ.സി.എ. ആറിന്റെ ഭുവനേശ്വറിലെ National Research Centre for Women in Agriculture (NRCWA) ഉം യോജിച്ച് 2004-ൽ തയ്യാറാക്കുകയും അതിനുവേണ്ട ട്രെയിനിംഗ് മൊഡ്യൂൾ രൂപകൽപന ചെയ്ത് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയുടെ കാർഷിക ഫാക്കൽറ്റിയുടെ ജൻഡർ സ്റ്റഡീസ് പ്രോജക്ട് കോഡിനേഷൻ ഗ്രൂപ്പിന്റെ ഗവേഷണപദ്ധതികളും കാർഷിക പഠനകേന്ദ്രത്തിന്റെ ലക്ഷ്യങ്ങളും തമ്മിൽ കോർത്തിണക്കി കൊണ്ടുപോകാൻ ശ്രദ്ധിക്കുന്നുണ്ട്. കാർഷിക മേഖലയിൽ വനിതകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് നടത്തേണ്ട ഗവേഷണങ്ങളെക്കുറിച്ചുള്ള നയരൂപീകരണവും ബന്ധപ്പെട്ട ഗവേഷണ പദ്ധതികളുടെ വിലയിരുത്തലും, പരിശോധനയും നിർദ്ദേശങ്ങളും ഈ കോഡിനേഷൻ ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

**1999–2006 കാലയളവിൽ കാർഷിക സ്ത്രീ പഠനകേന്ദ്രത്തിൽ നിന്നും നടത്തിയിട്ടുള്ള ഗവേഷണങ്ങളുടെ രത്നചുരുക്കം താഴെ കൊടുക്കുന്നു.**

കേരളത്തിലെ കാർഷിക സ്ത്രീ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക നിലവാരപഠനം 2000 ൽ നടത്തി. ഈ പഠനം കാർഷിക സ്ത്രീ തൊഴിലാളികൾ ഏർപ്പെടുന്ന തൊഴിലവസരങ്ങളേതെന്നും, സ്ത്രീതൊഴിലാളികൾക്കും, പുരുഷ തൊഴിലാളികൾക്കിടയിലുള്ള വിവേചനപരമായ വേതന വ്യത്യാസം (പുരുഷന്മാരുടെ കൂലിയുടെ ഏകദേശം പകുതിയേ സ്ത്രീകൾക്ക് കൂലിയായികിട്ടുന്നുള്ളൂ) തുടങ്ങിയവ ചൂണ്ടിക്കാണിച്ചു. എങ്കിൽ പോലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കിട്ടുന്ന വേതനം മൊത്തമായും കുടുംബത്തിലെത്തുമെന്നതിനാൽ വീട്ടിലെ ഭക്ഷ്യ സുരക്ഷ്യക്ക് സ്ത്രീയുടെ തൊഴിൽ സുരക്ഷ, പ്രധാനമാണ് എന്നതും ചൂണ്ടിക്കാണിച്ചു.

തൃശൂർ മാടക്കത്തറ പഞ്ചായത്തിലെ കർഷക കുടുംബങ്ങളിലെ സ്ത്രീകൾ കാർഷിക രംഗത്ത് ചെയ്യുന്ന പ്രവൃത്തികളുടെ കണക്കുകൂട്ടൽ പഠനം 2001–ൽ ചെയ്യുകയുണ്ടായി. ഇതിലൂടെ കണ്ടെത്തിയ ഒരു പ്രധാന വസ്തുത ഒരു ശരാശരി ചെറുകർഷക കുടുംബത്തിലെ കാർഷിക വരുമാനത്തിന്റെ 40–42 ശതമാനത്തോളം സ്ത്രീകളുടെ കാർഷിക പ്രവർത്തനം കൊണ്ടുണ്ടാകുന്നതാണെന്നും ഇത് മൊത്തവും കൂലിയില്ലാത്ത വേലയുമാണെന്നാണ് (Unpaidwork). ഈ പഠനത്തിലൂടെതന്നെ കാർഷിക പ്രവർത്തനങ്ങൾ ആര് ചെയ്യുന്നു എന്നത് പഠിക്കാൻ ശാസ്ത്രീയമായ മാനദണ്ഡം നിർദ്ദേശിക്കുകയും ചെയ്തു. (സ്ത്രീ മാത്രം ചെയ്യുന്ന ജോലി, സ്ത്രീയുടെ മേൽകയ്യുള്ള ജോലി, പുരുഷൻ മാത്രം ചെയ്യുന്ന ജോലി, പുരുഷന് മേൽക്കയുള്ള ജോലി, സ്ത്രീപുരുഷഭേദമന്യേ ചെയ്യുന്ന ജോലി, എന്നിങ്ങനെ)

കാർഷിക രംഗത്തെ വനിതാ വ്യവസായ സംരംഭകരെക്കുറിച്ച് 2002–ൽ നടത്തിയ പഠനം സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യവസായ സംരംഭങ്ങളെയും വനിതാ സംരംഭകരെന്ന നിലയിൽ നേരിടുന്ന പ്രശ്നങ്ങളെയും ചൂണ്ടിക്കാണിച്ചു. വ്യാവസായിക സംരംഭങ്ങളുടെ വിജയം നിർണ്ണയിക്കാനുള്ള ഒരു സൂചിക രൂപീകരിക്കുകയും, ആ സൂചിക പ്രകാരം, വളരെ ചെറിയ ശതമാനം സ്ത്രീകൾമാത്രമേ വളരെ വിജയകരമായ രീതിയിൽ കാർഷിക ബിസ്സിനസ് മുന്നോട്ട് കൊണ്ടുപോകുന്നുള്ളൂ എന്നും കാണിച്ചു. കാർഷിക വ്യവസ്ഥകളിലെ സ്ത്രീപുരുഷ പങ്കാളിത്ത വിശകലനവും സുസ്ഥിര വികസനത്തിനുവേണ്ട സാങ്കേതിക വിദ്യയും, വികസന പരിപാടികളും, ജീവിതമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ NATP - ICAR ന്റെ സഹായത്തോടെ 2002–2005 കാലയളവിൽ നടത്തിയ പദ്ധതി മദ്ധ്യകേരളത്തിലെ പ്രധാന കാർഷിക വ്യവസ്ഥകളിലെ സ്ത്രീപുരുഷ പങ്കാളിത്തവും, പ്രവർത്തനങ്ങളും വിശകലനം ചെയ്തു. അതോടൊപ്പം ഓരോ പ്രദേശത്തും പുതുതായി കൊണ്ടുവരുന്ന സാങ്കേതിക വിദ്യകൾ, സ്ഥാപനങ്ങൾ, വികസന നയങ്ങൾ, പരിപാടികൾ എന്നിവ സ്ത്രീകളുടെ താൽപര്യങ്ങളിൽ ഉണ്ടാക്കുന്ന ആഘാതം കണക്കാക്കാൻ വേണ്ട ഒരു സൂചികയും (Gender Impact Index ) രൂപീകരിച്ചു. ഈ സൂചികയുടെ ഘടകങ്ങൾ – തൊഴിൽ, വരുമാനം, ഒഴിവ് സമയം, ജോലിയുടെ വിരസതയും കഠിനതയും, ആരോഗ്യം, സാമൂഹ്യ ഉൾക്കൊള്ളൽ, ഭക്ഷ്യ സുരക്ഷ തുടങ്ങിയവയുടെ

ഏററകുറച്ചിലുകളാണ്. ഇതുപയോഗിച്ച് തുടങ്ങാൻ പോകുന്നതോ, നടത്തിക്കഴിഞ്ഞതോ ആയ വികസന/ഗവേഷണപദ്ധതികളുടെ സ്ത്രീപുരുഷപങ്കാളിത്ത ആഘാതം (Gender Impact Assessment) അളക്കുകയും, പദ്ധതി തുടങ്ങണോ, തുടരണോ എന്നും മറ്റും നിശ്ചയിക്കു കയും ചെയ്യാം. പ്രസ്തുത സൂചിക ഉപയോഗിച്ച് നെൽകൃഷിസമ്പ്രദായം, ഞാറു നടീൽ യന്ത്രം, ക്ഷീര കാർഷിക സൊസൈറ്റി, കാർഷിക സംഘങ്ങൾ എന്നിവ എത്രമാത്രം കർഷക സ്ത്രീകൾക്കനുകൂലമാണെന്ന് പരിശോധിക്കുകയും പരിഹാര മാർഗ്ഗ നിർദ്ദേശങ്ങൾ വയ്ക്കു കയും ചെയ്തു. ഇതിനോടനുബന്ധിച്ച് എടുത്ത പറയേണ്ട ഒരു നിരീക്ഷണം, കാർഷിക യന്ത്രവൽക്കരണം വഴി, പരമ്പരാഗതമായി യന്ത്രങ്ങളില്ലാതെ സ്ത്രീകൾ മാത്രം ചെയ്തു കൊണ്ടിരുന്ന കൃഷിപ്പണികൾക്ക്, ആയാസം കുറയ്ക്കുന്ന യന്ത്രങ്ങൾ വന്നപ്പോൾ അവയെല്ലാം പുരുഷൻ ചെയ്യുന്ന ജോലികളായി മാറി എന്ന പ്രത്യാഘാതങ്ങളുണ്ടായിട്ടുണ്ടെന്നതാണ്. കാർഷിക രംഗത്ത് സ്ത്രീപുരുഷപങ്കാളിത്ത സമീപനമുൾക്കൊള്ളുന്ന സുസ്ഥിര വികസന ത്തിന്റെ പരിശീലനം. കൊടുക്കുവാൻ വേണ്ട ഒരു പരിശീലന മാനുവലും ഈ പദ്ധതി വഴി തയ്യാറാക്കിയിട്ടുണ്ട്.

2002–2003 കാലയളവിൽ FAO ടെ ധനസഹായത്തോടെ നടത്തിയ ജെൻഡർ ഇന്റഗ്രേ റ്റഡ് അഗ്രിക്കൾച്ചറൽ കരിക്കുലം, കപ്പാസിറ്റി ആന്റ് റിസോഴ്സ് മെറ്റീരിയൽസ് പദ്ധതി വഴി കേരള കാർഷിക സർവ്വകലാശാലയിലെ ബിരുദകോഴ്സുകളുടെ സിലബസുകളിൽ എത്രമാത്രം സ്ത്രീപുരുഷപങ്കാളിത്ത വികസന കാഴ്ചപ്പാടോ, ബന്ധപ്പെട്ട പ്രശ്നങ്ങളോ പഠിപ്പിക്കുന്നുണ്ട് എന്ന പരിശോധന നടത്തി; സർവ്വകലാശാലയുടെ നാലു ഫാക്കൽറ്റിയുടെയും കൃഷി, മൃഗ സംരക്ഷണം, മത്സ്യവികസനം, കാർഷിക എൻജിനീയറിംഗ്, ഇതു സംബന്ധിച്ച എല്ലാ കോളേ ജിലും, അദ്ധ്യാപകരും, വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും, വികസന പ്രവർത്തകരും, കർഷകരുമടങ്ങുന്ന പങ്കാളികളുമായി ആശയവിനിമയവും, അവശ്യമായ മാറ്റങ്ങളും വിശക ലനം ചെയ്യുകയും ക്രോഡീകരിക്കുകയും ചെയ്തു. ഇതിനേതുടർന്ന് ഓരോ കോഴ്സ് സിലബ സിന്റെയും ഏതെല്ലാം കോഴ്സിൽ കാർഷിക സ്ത്രീകളുമായി ബന്ധപ്പെട്ട ഏതെല്ലാം വിഷയ ങ്ങൾ ഉൾക്കൊള്ളിക്കണമെന്നും, പഠനത്തിന്റെ ഒന്നാം വർഷം തന്നെ എല്ലാ ബിരുദ കോഴ്സിലും സ്ത്രീകളുടെ പങ്കാളിത്ത സമീപനം കൃഷിവികസനത്തിന് 0 + 1 കോഴ്സ് പഠിപ്പി ക്കപ്പെടണമെന്നും, സമൂഹത്തിനോട് ബന്ധപ്പെടുന്ന എൻ.എസ്.എസ്. (നാഷണൽ സോഷ്യൽ സർവ്വീസ്) പോലെയുള്ള പാഠ്യേതര പരിപാടികൾ വഴി സ്ത്രീനീതിപ്രശ്നങ്ങൾ വിദ്യാർത്ഥി കൾക്ക് മനസ്സിലാക്കികൊടുക്കണമെന്നും ഈ പഠനം നിർദ്ദേശിച്ചു. ഓരോ സർവ്വകലാശാല യുടെയും ഭരണാധിപന്മാർ മുതൽ താഴേതട്ടുവരെ എങ്ങിനെയാണ് "എൻജെൻഡറിംഗ് ഓഫ് അഗ്രിക്കൾച്ചറൽ കരിക്കുലം" നടപ്പിലാക്കേണ്ടതെന്ന മാതൃകാസമീപനവും ഈ പദ്ധതി നിർദ്ദേ ശിച്ചു.

ഭൂസ്വത്താവകാശവും കാർഷിക രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തവും എന്ന പഠനം 2002–2004 ൽ നടത്തുകയുണ്ടായി. അഞ്ചിലൊന്ന് സ്ത്രീകൾക്കുമാത്രമാണ് തൃശൂർ ജില്ലയിലെ കാർഷിക കുടുംബങ്ങളിൽ ഭൂസ്വത്തവകാശമുള്ളതെന്ന് 2002–2004 ൽ നടത്തിയ പഠനം ചൂണ്ടി

ക്കാണിച്ചു. എടുത്തുപറയേണ്ട മറ്റൊരു നിരീക്ഷണം സ്ത്രീകളുടെ ഭൂസ്വത്തവകാശം അവരുടെ കാർഷിക രംഗത്തെ പങ്കാളിത്തവും തമ്മിൽ വലിയ ബന്ധം ഇല്ല എന്നതാണ്. ഭൂസ്വത്തവകാശമുള്ള സ്ത്രീകളിൽ വളരെ കുറച്ചുപേർക്കു മാത്രമേ കർഷക സഹകരണ സ്ഥാപനങ്ങളിൽ അംഗത്വമുള്ളുവെങ്കിലും, അവരിൽ മിക്ക സ്ത്രീകൾക്കും സ്ത്രീകളുടെ സ്വയം സംഘങ്ങളിൽ അംഗത്വം ഉണ്ടെന്നും കണ്ടു.

"കാർഷിക ഗവേഷണത്തിലും, വിജ്ഞാനവ്യാപനത്തിലും സ്ത്രീപക്ഷ പങ്കാളിത്ത കാഴ്ചപ്പാട്" കൊണ്ടുവരാൻ വേണ്ട സമീപനങ്ങൾ എന്ന NRCWA-ടെ ധനസഹായത്തോടെ 2004–2005 ൽ നടത്തിയ പദ്ധതി പ്രധാന കാർഷിക വ്യവസ്ഥകളിൽ നിലനിൽക്കുന്ന കാർഷിക സ്ത്രീ പ്രശ്നങ്ങൾ തിരിച്ചറിയാൻ സഹായിച്ചു. കാർഷിക വിഭവങ്ങളായ – ഭൂമി, സാങ്കേതിക വിദ്യ, വിപണി, പരിശീലനം, വിത്ത്, വളം, യന്ത്രം, തൊഴിൽ, വേതനം, കർഷക സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ലഭ്യതാനിലവാരത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിലുള്ള സാരമായ വ്യത്യാസം, നെല്ല്, തെങ്ങ്, പച്ചക്കറി, സുഗന്ധവിള, റബർ, മത്സ്യം, പശുവളർത്തൽ തുടങ്ങിയ കൃഷി വ്യവസ്ഥകളിൽ ഏറ്റവും അധികം സ്ത്രീകൾക്ക് തൊഴിലവസരം നൽകുന്നത് നെൽകൃഷിയും, പശുവളർത്തലുമാണെന്നതും, പച്ചക്കറികൃഷി പുരുഷനും സ്ത്രീകൾക്കും ഒരേപോലെ തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണെന്നും കണ്ടു. കാർഷിക ഗവേഷണവും, വിജ്ഞാന വ്യാപനവും സ്ത്രീപങ്കാളിത്ത കാഴ്ചപ്പാടോടെ നടത്താൻ ശാസ്ത്രജ്ഞരെ പരിശീലിപ്പിക്കാൻ വേണ്ട ട്രെയിനിംഗ് മാനുവലും പരിശീലനത്തിനുപയോഗിക്കാവുന്ന രണ്ടു ഡോക്യുമെന്ററി ഫിലിമുകളും ഈ പദ്ധതി വഴി രൂപീകരിച്ചു.

ഞാറുനടീൽ യന്ത്രത്തിന്റെ സ്വീകാര്യതയും കാർഷിക തൊഴിലാളി സ്ത്രീകൾക്ക് ഞാറുനടീൽ യന്ത്രത്തിന്റെ യോജിപ്പും എന്ന 2003–2004 കാലയളവിൽ തൃശൂരിലും പാലക്കാടും നടത്തിയ പഠനത്തിൽ കണ്ടത് ഭൂരിഭാഗം കർഷകരും യന്ത്രവുമുപയോഗിച്ചുള്ള ഞാറ് നടീൽ മെച്ചമുള്ളതായി സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നു എന്നതാണ്. കുറഞ്ഞ കൃഷിചെലവ്, പ്രയത്നകുറവ്, സമയലാഭം, കുടുതൽ സൗകര്യമുള്ള ഇടവിളജോലികൾ, കുറഞ്ഞ വിത്തളവ്, പ്രയാസം കുറഞ്ഞ കൃഷി നടത്തിപ്പ് തുടങ്ങിയവയാണ്. കൃഷിയന്ത്രം ഉപയോഗിച്ചുള്ള ഞാറുനടീലിനെ മെച്ചപ്പെട്ടതാക്കികാണാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. യന്ത്രമുപയോഗിച്ച് ഞാറുനടുന്ന സ്ത്രീതൊഴിലാളികൾ മെഷീന്റെ കിക്ക് സ്റ്റാർട്ടറും, അധികമായ കുലുക്കവും, ശബ്ദവും, അവരുടെ ശരീരാരോഗ്യത്തെ ബാധിക്കുന്നതായും, നടീൽ യന്ത്രത്തിൽ വെയിലിലും, മഴയിലും രക്ഷിക്കാനുള്ള മൂടി എന്നിവ ഇല്ലാത്തതിന്റെ പ്രശ്നങ്ങളും യന്ത്രം സ്വന്തമായി കിട്ടാത്തതിന്റെ പ്രശ്നങ്ങളും, സമൂഹം സ്ത്രീകളെകുടി യന്ത്രമുയോഗിച്ചുള്ള തൊഴിൽ രംഗത്ത് കൂടുതലായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും, ചൂണ്ടിക്കാട്ടി. ശാസ്ത്രജ്ഞന്മാരും, കർഷകരും, തൊഴിലാളികളും പങ്കെടുത്ത മേൽപറഞ്ഞ ശിൽപശാലയിലൂടെ യന്ത്രം നവീകരിക്കുവാൻ വേണ്ട പ്രശ്നങ്ങൾ ശാസ്ത്രജ്ഞർക്ക് മുന്നിൽ ചുണ്ടികാട്ടുകയും ചെയ്തു.

ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ സഹായത്തോടെ 2004–2006 കാലയളവിൽ നടത്തിയ സയൻസും ടെക്നോളജിയും കേരളത്തിലെ സ്ത്രീശാക്തീകരണ കൂട്ടായ്മക്ക് എന്ന പഠനപദ്ധതി സ്ത്രീകൾക്കിണങ്ങിയ പുതിയ വിജ്ഞാനവ്യപാന മാതൃകകൾ രുപീകരി

ക്കാൻ സഹായിച്ചു. സാങ്കേതിക വിദ്യയോടൊപ്പം സംരംഭകത്വ പരിശീലനം, സ്ത്രീകളുടെ കുടുംബ പ്രാരാബ്ധങ്ങൾക്കിണങ്ങിയ പരിശീലനസമയവും, സ്ഥലവും, സ്ത്രീകളുടെ കൃഷി സംബന്ധമായ പ്രശ്നങ്ങൾക്ക് പ്രശ്നാധിഷ്ഠിത കാർഷിക ക്ലിനിക്കും, വൈദഗ്ധ്യപരിശീലന വും, വിപണിയും വായ്പയും ഒരുക്കി കൊടുക്കൽ, സംഘപ്രവർത്തന ശൈലിയുടെ പരിശീല നം, വനിതാ വ്യവസായ സംരംഭകരുടെയും വികസന ഏജൻസികളുടെയും നെറ്റ്വർക്കിംഗ് വർഷം മുഴുവൻ വരുമാനം കിട്ടുന്ന വിവിധ സാങ്കേതികവിദ്യാ പാക്കേജ്, സ്ത്രീകൾക്കിണ ങ്ങിയ സാങ്കേതിക വിദ്യകളുടെ ഫീൽഡുതല പ്രദർശനതോട്ടം വഴി സ്ത്രീസംരംഭകർക്ക് പ്രചോദനവും, അവബോധവും സൃഷ്ടിക്കൽ എന്നിവയുടെ മാതൃകയും ഈ കേന്ദ്രം മുന്നോട്ട് വച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് മാടക്കത്തറ പഞ്ചായത്തിൽ നടത്തിയ പഠനം കാണി ക്കുന്നത്, സ്ത്രീശാക്തീകരണത്തിന് ധാരാളം പരിപാടികളുണ്ടെങ്കിലും വളരെകുറച്ച് തൊഴിൽ സംരംഭങ്ങൾമാത്രമേ സ്ത്രീകൾ ഒറ്റയ്ക്കും സംഘാടിസ്ഥാനത്തിലും യഥാർത്ഥത്തിൽ തുടങ്ങി യിട്ടുള്ളുവെന്നും, വളരെ കുറഞ്ഞ നിലയിലേ കാർഷിക വ്യവസായരംഗത്ത് സ്ത്രീകൾ പങ്കെ ടുക്കുന്നുവെന്നും എന്നാണ്. സ്ത്രീശാക്തീകരണത്തിനുള്ള പദ്ധതികളിൽ സംരംഭങ്ങളുടെയും, തൊഴിലവസരത്തിന്റെയും, സാങ്കേതിക വിദ്യകളുടെയും, പരിശീലനത്തിന്റെയും, വായ്പയുടെ യും, സംഘപ്രവർത്തനം, നേതൃത്വം തുടങ്ങിയ ഘടകങ്ങളുടെ അനുയോജ്യമായ യോജിപ്പും ഏകോപനവും ഉറപ്പുവരുത്തുന്ന പ്രാദേശിക മാതൃകകളുടെ ആവശ്യങ്ങൾ ഈ പഠനം ചൂണ്ടി കാണിച്ചു.

സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിയ കാർഷിക രംഗത്തെ സ്ത്രീകൾ എന്ന പദ്ധതി യുടെ വിവിധ വിലയിരുത്തൽ പഠനങ്ങൾ (2004, 2005 & 2006) ഈ കേന്ദ്രം നടത്തിയിട്ടുണ്ട്, ഇവ ചൂണ്ടിക്കാണിച്ചത്, പ്രസ്തുത പദ്ധതി കാർഷിക സ്ത്രീകൾക്കിടയിൽ സാങ്കേതിക വിദ്യ കൾ, കാർഷിക വികസന സംവിധാനങ്ങൾ, നേതൃത്വം, വരുമാനം എന്നിവ ലഭ്യമാക്കാൻ വിവിധ തോതിൽ സഹായിച്ചു എന്നതാണ്. എങ്കിലും സ്ത്രീകൾ അവരുടെ സംഘങ്ങളിലൂടെ ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണിയില്ലാത്തതിന്റെയും, വിപണി സൗകര്യം വിവിധ വികസന പദ്ധതികളൊരുക്കാത്തതും, കൃഷിക്കായി ഭൂമി പാട്ടത്തിന് കിട്ടാത്തതിന്റെയും, ഗുണ മേന്മയുള്ള ഉൽപാദന സാമഗ്രികൾ കിട്ടാത്തതിന്റെയും, സംരംഭങ്ങൾ ബിസ്സിനസ് രീതിയിൽ നടത്താൻ വേണ്ട വ്യവസായ സംരംഭകത്വ പരിശീലനം കിട്ടാത്തതിന്റെയും പ്രശ്നങ്ങൾ ചൂണ്ടി ക്കാണിച്ചു.

പാലക്കാട് ജില്ലയിൽ കൃഷിവകുപ്പ് പതിനൊന്ന് വർഷമായി നടപ്പിലാക്കിയ സ്ത്രീകൾ കാർഷികരംഗത്ത് എന്ന പദ്ധതിക്ക് സ്ത്രീകൾക്കിടയിലുണ്ടാക്കാൻ കഴിഞ്ഞ സാമൂഹ്യസാമ്പ ത്തിക മാറ്റങ്ങളെന്തൊക്കെയെന്ന് പരിശോധിക്കാനായെടുത്ത നിരീക്ഷണപഠനം ചൂണ്ടിക്കാണി ച്ചത്, പ്രസ്തുത പരിപാടിക്ക് സാമൂഹ്യവും, സാമ്പത്തികവും വ്യക്തിപരവുമായ സ്വാധീനവും ശാക്തീകരണവും, കാർഷിക രംഗത്തെ സ്ത്രീകളിൽ സാരവും പ്രകടവുമായ രീതിയിൽ ഉണ്ടാ ക്കാൻ കഴിഞ്ഞു എന്നതാണ്. സ്ത്രീകർഷകരായും, സഹകർഷകരായും, കൂട്ടുകർഷകരായും ഇവരെ കാർഷികരംഗത്തെത്തിക്കാൻ ഈ പദ്ധതി സ്ത്രീകളെ സഹായിച്ചിട്ടുണ്ട്.

ചെറുകൃഷിയിടങ്ങളിലെ റബ്ബർകൃഷിയിൽ സ്ത്രീകൾക്ക് പുരഷന്മാരോടൊപ്പം പ്രധാന പങ്കുണ്ടെങ്കിലും റബർ കർഷകരുടെ മാർക്കറ്റിങ്ങ് സംഘങ്ങളുടെ പ്രവർത്തനങ്ങളിലും നട ത്തിപ്പിലും സ്ത്രീകളുടെ പങ്കും പങ്കാളിത്തവും വളരെ കുറവാണെന്ന് ആ മേഖലയിൽ ഈ കേന്ദ്രം നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാണിച്ചു.

നെൽകൃഷി നിർത്തലാക്കിയ പാടങ്ങളിൽ തൊഴിൽ കണ്ടെത്തിയിരുന്ന കാർഷിക തൊഴിലാളി സ്ത്രീകളുടെ ഇപ്പോഴത്തെ ജീവിതോപായമാർഗ്ഗങ്ങളുടെ വിശകലന പഠനം തൃശ്ശൂരിലും ഓണാട്ടുക്കരയിലും നടന്നുകൊണ്ടിരിക്കുന്നു. ഇതിനെ തുടർന്ന് അസംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ സുരക്ഷതയ്ക്കുതകുന്ന നയരുപീകരണം ലക്ഷ്യമാക്കുന്നു

കദളിവാഴ, കാഴ്ചകുല തുടങ്ങിയ, തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമുള്ള കാർഷികോൽപന്നങ്ങളുമായി ബന്ധപ്പെട്ട കാർഷികരംഗത്തെ വരുമാനമാർഗ്ഗങ്ങൾ സ്ത്രീകൾക്ക് തൊഴിലവസരങ്ങളാക്കാനുള്ള പദ്ധതി ആരംഭിക്കുകയും, അതോടൊപ്പം അന്യം നിന്നു പോകുന്ന കാഴ്ചകുല കൃഷി പോലെയുള്ള നാട്ടറിവുകളുടെ സംരക്ഷണവും സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കാനുമുള്ള പദ്ധതിയും ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോ ളജിയുടെ സഹായത്തോടെ ഈ കേന്ദ്രം അടുത്തകാലത്ത് തുടങ്ങിയിട്ടുണ്ട്.

തീററപ്പുൽകൃഷി, പുക്കൃഷിയും എന്നിവ സ്ത്രീകൾക്കെങ്ങിനെ ആദായകരമായ തൊഴിലാക്കാം, കയർവ്യവസായരംഗത്തെ സ്ത്രീതൊഴിലാളികളുടെ തൊഴിൽ സംബന്ധപ്രശ്നങ്ങളെകുറിച്ചും, കാർഷികതൊഴിലാളിസ്ത്രീകളുടെ കുടുംബത്തിലെ ഭക്ഷ്യസുരക്ഷയെകുറിച്ചുമുള്ള പഠനങ്ങളും തൊഴിൽസേനയെങ്ങനെ സ്ത്രീതൊഴിലാളികൾക്ക് തൊഴിൽസുരക്ഷ നൽകാനുതകുമെന്നതിനെകുറിച്ചും, മത്സ്യവികസനരംഗത്തെ സ്ത്രീകൾ നേരിടുന്നപ്രശ്നങ്ങളെക്കുറിച്ചും നെൽകൃഷിമേഖലയിൽ സ്ത്രീ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും, നദികളുടെ നശീകരണവും മണൽവാരലും ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും, വനവിഭവങ്ങളും സ്ത്രീകളെ എങ്ങിനെ ബാധിക്കുമെന്നതിനെകുറിച്ചും ഈ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പഠനം തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ കാർഷികരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത വികസന സമീപന കാഴ്ചപ്പാട് ഗവേഷകർക്കടയിൽ സൃഷ്ടിക്കുന്നതോടൊപ്പം, കാർഷികരംഗത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും കാർഷികസ്ത്രീ പഠനകേന്ദ്രം പഠനങ്ങളും, നിരീക്ഷണങ്ങളും നിരന്തരം നടത്തികൊണ്ടിരിക്കുന്നു. എടുത്തുപറയേണ്ട മറെറാരു വസ്തുതയും പ്രത്യേകതയും ഇത്തരം പഠനങ്ങൾ വഴി ഈ കേന്ദ്രം കണ്ടെത്തുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങളെ നിരീക്ഷണഫലങ്ങളായി മാത്രം ഒതുക്കാതെ, ഈ കേന്ദ്രത്തിൽ നിന്നുള്ള കെൽപ് രൂപീക രണം, നയോപദേശം, നെററ്വർക്കിംഗ്, വിദ്യാഭ്യാസനവീകരണം എന്നീ പ്രവർത്തനങ്ങളിലൂടെ, പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു എന്നതാണ്

# കാർഷിക വികസനത്തിൽ സ്ത്രീനീതി ഉറപ്പാക്കാൻ വേണ്ട നയോപദേശം



## കാർഷിക സ്ത്രീ പഠന കേന്ദ്രം (1999–2006)

## കാർഷിക വികസനത്തിൽ സ്ത്രീ നീതിക്കുവേണ്ടിയുള്ള നയരൂപീകരണ ശ്രമങ്ങൾ

സംസ്ഥാന വനിതാകമ്മീഷന്റെയും, കോസ്റ്റ് ഫോർഡിന്റെയും സഹകരണത്തോടെ 2000 മെയ് 20,21 തിയ്യതികളിൽ കാർഷിക സ്ത്രീപഠനകേന്ദ്രം കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് സ്ത്രീ തൊഴിലാളികളുമായി അനുഭവങ്ങൾ നേരിട്ട് വിശകലനം ചെയ്തിരുന്നു. വേതനത്തിലുള്ള വിവേചനം, പരമ്പരാഗതമായി ചെയ്തുവന്ന തൊഴിലവസര നിഷേധങ്ങൾ, പുരുഷന്മാർക്കുമാത്രം ഉപയോഗിക്കാൻ പറ്റുന്ന കാർഷിക യന്ത്രങ്ങൾ, തൊഴിൽ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ളപ്രശ്നം വൃത്തിഹീനമായ ജീവിത ചുറ്റുപാടുകൾ, ശിശുകേന്ദ്രം, അംഗനവാടി ഇവയുടെ പോരായ്മ, തൊഴിലാളി പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയ സാമൂഹ്യസുരക്ഷയുടെ അഭാവം, വിവേചനപരമായ വിധവാ പെൻഷൻ നിയമങ്ങൾ, തൊഴിൽ പരിശീലനത്തിന്റെ അഭാവം, തുടങ്ങിയ പ്രശ്നങ്ങൾക്ക് മാറ്റം വരുത്താൻ ചുമതലപ്പെട്ട വിവിധ ഏജൻസികളുടെ – (വനിതാ കമ്മീഷൻ, കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാല, പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്ലാനിംഗ് ബോർഡ്, സാമൂഹ്യ ക്ഷേമവകുപ്പ്, തൊഴിൽ വകുപ്പ്, വികസന വകുപ്പുകൾ, ബഹുജന മാദ്ധ്യമങ്ങൾ തുടങ്ങിയവയ്ക്ക്) മുന്നിൽ ഈ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾക്ക് പ്രേരണ ചെലുത്തുകയും ചെയ്തു. തുടർന്ന് ഈ കേന്ദ്രം ഈ പ്രശ്നങ്ങൾക്ക് പലവേദികളിലായി ശക്തമായ പരിഹാരമാർഗ്ഗങ്ങൾക്കായി വാദിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

കാർഷികരംഗത്തെ വികസനത്തിൽ സ്ത്രീപുരുഷപങ്കാളിത്ത കാഴ്ചപ്പാട് നടപ്പിലാക്കാൻ, കാർഷിക വിദ്യാഭ്യാസത്തിൽ ഈ സമീപനം പാഠ്യവിഷയമാക്കണം. ദേശീയലത്തിൽ ഈ നയം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾക്ക് കാർഷിക സ്ത്രീപഠനകേന്ദ്രം ശക്തമായ നേതൃത്വം നൽകി വരുന്നു. ഇതിലേക്കായി വേണ്ട കോഴ്സുകളും, സിലബസും, റഫറൻസ് ബുക്കുകളും മറ്റും ഈ കേന്ദ്രം, MSSRF, FAO തുടങ്ങിയ വിവിധ ഏജൻസികളുടെയും സഹകരണത്തോടെ രൂപീകരിക്കുകയുണ്ടായി. കാർഷിക വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും ഇങ്ങനെയുള്ള കോഴ്സ് തുടങ്ങാൻ ദേശീയ കാർഷിക ഗവേഷണ കൗൺസിലിനോട് (ICAR) കേരള കാർഷിക സർവ്വകലാശാല അപേക്ഷിച്ചിരുന്നു. തൽഫലമെന്നോണം അടുത്തകാലത്ത് നിശ്ചയിച്ച കാർഷിക ബിരുദ സിലബസ്സിൽ പുതുതായി ഉൾപ്പെടുത്തിയ **'Introductory agriculture'** എന്ന കോഴ്സിൽ സ്ത്രീകളുടെ കാർഷിക രംഗത്തെ പ്രശ്നങ്ങൾ **ICAR** ദേശീയതലത്തിൽ തന്നെ പഠന വിഷയമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ കാർഷിക വിദ്യാഭ്യാസരംഗത്ത് കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ പരിശ്രമം മുൻനിർത്തി US - India Knowledge Initiative പദ്ധതിയും കാർഷിക വിദ്യാഭ്യാസ കരിക്കുലം വികസനത്തിൽ "ജെൻഡർ കൺസേൺസ്" ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ Engendering of

agricultural education രംഗത്തെ ഈവിധ സംരംഭങ്ങളും അനുഭവങ്ങളും ദേശീയ കർഷകകമ്മീഷന് മുന്നാകെ അവതരിപ്പിക്കാനും ഈ കേന്ദ്രത്തിന് അവസരം കിട്ടിയിരിക്കുന്നു.

ഇന്ത്യയുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ കാർഷിക വികസന പദ്ധതികളിലൂടെ കാർഷിക രംഗത്ത് സ്ത്രീകളുടെ വികസനം ലാക്കാക്കിയുള്ള ആസൂത്രണ പദ്ധതികൾക്ക് നേതൃത്വം നൽകാൻ കാർഷിക സ്ത്രീപഠനകന്ദ്രത്തിന് കഴിഞ്ഞത് എടുത്തുപറയേണ്ട ഒരു നേട്ടമാണ്. ICAR ന്റെ NATP പദ്ധതിയിൽ സ്ത്രീപുരുഷ പങ്കാളിത്ത വികസന കാഴ്ചപ്പാട് സംയോജിപ്പിക്കാൻ (Gender Mainstreaming) നിയമിതമായി കമ്മിറ്റിയിലെ അംഗത്വം വഴി ഈ കേന്ദ്രത്തിന് കാർഷിക ഗവേഷണരംഗത്ത് സ്ത്രീപുരുഷ പങ്കാളിത്ത വികസന കാഴ്ചപ്പാട് ദേശീയതലത്തിൽ നടപ്പിൽ വരുത്തുവാൻ പ്രേരണ ചെലുത്താൻ കഴിഞ്ഞു.

ഭാരതസർക്കാറിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജി, National e-Governance Committee of Ministry of Agriculture, തിരുവനന്തപുരത്തെ സെന്റർ ഫോർ സ്റ്റഡീസിന്റെ KRPLLD പഠനോപദേശ സമിതി, കോസ്റ്റ് ഫോർഡ്, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ IRTC, തുടങ്ങിയ സ്ഥാപനങ്ങളുടെ വിവിധ ഉപദേശക/വിലയിരുത്തൽ സമിതികളിൽ കൂടിയും കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന് കാർഷിക രംഗത്ത് സ്ത്രീനീതി കൈവരിക്കുക ലക്ഷ്യത്തിലേക്കുള്ള തീരുമാനങ്ങളെ സ്വാധീനിക്കാനും ത്വരിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

റബർബോർഡിന്റെ റബർകർഷസംഘം (RPS) ഓരോ വീട്ടിലെയും പുരുഷനും സ്ത്രീയ്ക്കും കൂട്ട അംഗത്വമുണ്ടാക്കാമെന്ന് റബർ ബോർഡിനെകൊണ്ട് തീരുമെടുപ്പിക്കാൻ കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ആൺകുട്ടികളുള്ള വിധവകൾക്ക് വിധവാപെൻഷൻ നൽകുകയില്ല എന്ന വിവേചനപരമായ മാനദണ്ഡം തിരുത്തിപ്പിക്കാൻ വിവിധവേദികളിൽ ഈ കേന്ദ്രം ശ്രമം ചെലുത്തുകയും ഈയടുത്തകാലത്തായിട്ട് അതിന് ഫലം ഉണ്ടാകുകയും ചെയ്തു.

കാർഷിക സർവ്വകലാശാലയിൽ 1998– ൽ രൂപീകൃതമായ സ്ത്രീപരാതി പരിഹാരസെല്ലിന്റെ നടത്തിപ്പിന് ഈ സെന്റർ നൽകിയ അടിത്തറയും സഹകരണവും സർവ്വകലാശാലാന്തരീക്ഷത്തിൽ സ്ത്രീനീതി ഉറപ്പാക്കുവാൻ വലിയൊരളവ് സഹായിക്കുന്നുണ്ട്.

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, ഫോറസ്റ്റ് റേഞ്ച് ഓഫീസേഴ്സിന്റെ തെരഞ്ഞെടുപ്പിൽ ഫോറസ്റ്ററി വനിതാ ബിരുദധാരികൾക്കു പ്രത്യേകം ശാരീരിക മാനദണ്ഡം ഉൾക്കൊള്ളിക്കാതെ വിവേചനം കാട്ടുകമൂലം വനിതാ ബിരുദധാരികൾക്ക് തൊഴിലവസരം നഷ്ടപ്പെടുന്നു എന്ന വസ്തുത അധികാരികളുടെ മുന്നിലെത്തിക്കാനും വിവിധ മാർഗ്ഗങ്ങളിലൂടെ സമ്മർദ്ദം ചെലുത്തി വേണ്ട മാനദണ്ഡങ്ങൾ പി.എസ്.സി.യെ കൊണ്ടെടുപ്പിക്കാനും ഈ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ഭൂസ്വത്തവകാശം സ്ത്രീക്കും പുരുഷനും ഒരുപോലെ ഉണ്ടാകണമെന്നതുപോലെ, ഓരോ വീട്ടിലെയും ഭൂസ്വത്തിന് സ്ത്രീക്കും പുരുഷനും കൂട്ടവകാശ പട്ടയം നൽകണം/ സഹ

## നയരൂപീകരണ ശ്രമങ്ങൾ







നയരൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്ന പ്രമുഖ വ്യക്തികൾ





വിവിധ ഏജൻസികളും പങ്കാളികളും ഒരേ വേദിയിൽ

കരണ സംഘങ്ങളിൽ (കർഷക, ക്ഷീര, പച്ചക്കറി വിപണന, മത്സ്യ വിപണന, ജല ഉപഭോക്തൃ സംഘം, നീർത്തടാധിഷ്ഠിത വികസന കൗൺസിൽ, വനസംരക്ഷക കൗൺസിൽ, Joint credit card /insurance card തുടങ്ങിയവയിൽ) ഉണ്ടാകേണ്ട മാനദണ്ഡങ്ങളും നയങ്ങളും ഈ കേന്ദ്രം തുടർച്ചയായി വിവിധ രംഗങ്ങളിൽ ഉന്നയിക്കുന്നു.

വനിതകളുടെ സ്വാശ്രയ സംഘം വഴിയും, സൊസൈറ്റികൾ വഴിയും മറ്റും നടപ്പിലാക്കുന്ന കാർഷിക വ്യവസായ സംരംഭങ്ങൾക്ക് വേണ്ട ഗുണമേന്മയുള്ള ഉത്പാദന സാമഗ്രികളും, സാങ്കേതിക വിദ്യാപരിശീലനം, വായ്പ, വിപണി, കൃഷിഭൂമി തുടങ്ങിയവയും വേണ്ട വിധത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കാൻ വേണ്ട ഏകോപനത്തിനായി കാർഷിക സ്ത്രീപഠന കേന്ദ്രം അടുത്ത കാലത്തായിട്ട് ഈരംഗത്തെ പങ്കാളികളുടെ സംഗമവും അഭിപ്രായശേഖരണവും നെറ്റ്വർക്ക് രൂപീകരണവും നടത്തുകയുണ്ടായി. വനിതാ സംരംഭകരുടെ നിർദ്ദേശങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന, ആസൂത്രണ ഏജൻസികൾ, വികസന വകുപ്പുകൾ, കുടുംബശ്രീ മിഷൻ, നബാർഡ് തുടങ്ങിയ ബാങ്കിങ്ങ് ഏജൻസികൾ മുഖേനേ - വിപണന ശൃംഖലകൾ, ഗ്രാമതല വിപണികൾ എന്നിവ വനിതാ സംരംഭകർക്കൊരുക്കേണ്ട ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിൽ കാർഷികരംഗത്തെ വിവിധ ചുററുപാടുകളിൽ നിലനിൽക്കുന്നതും സംഭവിക്കുന്നതുമായ മാററങ്ങൾ എങ്ങനെ സ്തീകളുടെ ജീവിതത്തെ ബാധിക്കുന്നു എന്ന നിരന്തരമായ നിരീക്ഷണം ഈ കേന്ദ്രത്തിന്റെ ചുമതലയും ഉയരുന്ന പ്രശ്നങ്ങൾക്കനുസരിച്ച് ബന്ധപ്പെട്ട ഏജൻസികൾക്ക് മുന്നറിയിപ്പ് നൽകി പരിഹാരം കണ്ടെത്താൻ പ്രേരിപ്പിക്കുകയെന്നത് ഈ കാർഷിക കേന്ദ്രത്തിന്റെ ലക്ഷ്യവുമാണ്

## കാർഷിക സ്ത്രീ പഠനകേന്ദ്രം (1999–2006)

## ഡോക്യുമെന്റേഷൻ ശ്രമങ്ങൾ

കേന്ദ്രത്തിന്റെ വിവിധ പരിപാടികളുടെ നടത്തിപ്പും, ഫലങ്ങളും തുടക്കം മുതൽ പ്രിന്റ്, ഫോട്ടോഗ്രാഫ്സ്, വിഡിയോ റിക്കോർഡിംഗ്, സൗണ്ട് റിക്കോർഡിംഗ്, ഡോക്യുമെന്ററി ഫിലിംസ് മുതലായ മാഗ്ഗങ്ങളിലൂടെ രേഖകളും, ചിത്രീകരണങ്ങളുമാക്കി മാറ്റാൻ കാർഷിക സ്ത്രീപഠനകേന്ദ്രം ബദ്ധശ്രദ്ധമാണ്

'ജെൻഡർ' പഠനരംഗത്തെ ആധികാരിക ഗ്രന്ഥങ്ങളും, റഫറൻസ് മെറ്റീരിയൽസും, ജേർണൽസും, കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ വിവിധ പഠന റിപ്പോർട്ടുകളും, ഫോട്ടോ ഗ്രാഫുകളും മറ്റുമടങ്ങിയ ചെറുതെങ്കിലും വിവരസന്നദ്ധമായ ഒരു ലൈബ്രറി ഈ കേന്ദ്രത്തിലു ണ്ട്.

മുൻ വൈസ് ചാൻസലർ, ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ കേന്ദ്രത്തിലേക്ക് സമ്മാനിച്ച ഗ്രന്ഥങ്ങളും, ജേർണൽസും ഈ ലൈബ്രറിയെ വളരെ സമ്പന്നമാക്കിയിട്ടുണ്ട്.

ഈ കേന്ദ്രം നിർമ്മിച്ച മൂന്നു ഡോക്യുമെന്ററി ഫിലിമുകൾ (കേൾക്കാത്ത ശബ്ദം, ഒരു ചോദ്യം, കാർഷിക രംഗത്തെ തൊഴിലവസരങ്ങളും സ്ത്രീകളും) ജെൻഡർ പരിശീലനങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നവയാണ്.

ഈ കേന്ദ്രത്തിൽ നിന്നും നടത്തിയ പരിശീലനങ്ങളുടെയും പഠനങ്ങളുടെയുമൊക്കെ മാനുവൽസും റിപ്പോർട്ടും ലൈബ്രറിയുടെ മുതൽകൂട്ടുകളാണ്.

കാർഷിക കോഴ്സുകൾക്ക് വേണ്ട റഫറൻസുബുക്കായിട്ട് കാർഷിക സ്ത്രീ പഠനകേന്ദ്രവും MSSRF ഉം ഒരുമിച്ച് പുറത്തിറക്കിയ 'Gender Issue for Agriculture and Rural Livelihoods' എന്നഗ്രന്ഥത്തിന് ഈ കേന്ദ്രത്തിന്റെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ വളരെ ഗൗരവം പ്രധാന്യമുള്ളതാണ്. കാർഷികരംഗത്തും ഗ്രാമവികസനരംഗത്തുമുള്ള വനിതാ വികസനപ്രവർത്തനങ്ങളുടെ തിരഞ്ഞെടുത്ത മാതൃകളും, അനുഭവങ്ങളും രേഖപ്പെടുത്തിയ ചിത്രീകരണങ്ങളും ഗ്രന്ഥങ്ങളും ഭവിയിൽ ഈ കേന്ദ്രം ലക്ഷ്യമിടുന്നു



കേന്ദ്രം പുറത്തിറക്കിയ കേൾക്കാത്ത ശബ്ദം എന്ന സിഡിയുടെ റിലീസ് ചടങ്ങുകൾ

## കാർഷിക സ്ത്രീ പഠനകേന്ദ്രം

## നെറ്റ്‌വർക്കിംഗ് ഏജൻസികളും പ്രവത്തനങ്ങളും

കാർഷിക രംഗത്തെ സ്ത്രീകൾക്കും പുരുഷൻമാരോടൊപ്പം ഫലവത്തായും ഫലപ്രാപ്തിയോടെയും പ്രവർത്തിക്കാൻ വേണ്ട സുസ്ഥിര വികസന കാഴ്ചപ്പാടിന്റെ ഭാഗമായി ഗ്രാമതലംമുതൽ ആഗോളതലംവരെ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുമായി കൂട്ടുകെട്ട് സ്ഥാപിക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയുമെന്നതാണ് ഈ കേന്ദ്രത്തിന്റെ രീതിയും ലക്ഷ്യവും. ഇതിലേയ്ക്കായി കാർഷിക സ്ത്രീപഠന കേന്ദ്രം ജൻഡർ സ്റ്റഡീസ്, സുസ്ഥിര വികസനം, സ്ത്രീ ശാക്തീകരണം മുതലായ രംഗങ്ങളിൽ ഗവേഷണവും, പരിശീലനവും, ഫീൽഡുതല പ്രവർത്തനം തുടങ്ങിയ പ്രവർത്തനം ലക്ഷ്യമാക്കിയിട്ടുള്ള ഗ്രാമതലം മുതൽ അന്തർദ്ദേശീയ തലം വരെയുള്ള വിവിധ ഗവൺമെന്റ് – നോൺ ഗവൺമെന്റ് സ്ഥാപനങ്ങളുമായി സഹായവും സഹകരണവും സ്വീകരിച്ചും നൽകിയും ഒത്തൊരുമിച്ച് പ്രവർത്തിച്ചുവരുന്നു. അവയിൽ പ്രധാനപ്പെട്ട ചില ഏജൻസികളിതൊക്കെയാണ്.

1. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, ചെന്നൈ
2. ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ, റോം, ബാങ്കോക്ക്, ഇന്ത്യ
3. ഇന്റർനാഷണൽ അഗ്രിക്കൾച്ചർ സെന്റർ, വാഗിനിംഗൻ, നെതർലാന്റ്സ്
4. ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഫിലിപ്പൈൻസ്
5. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച്, ന്യൂഡൽഹി.
6. നാഷണൽ ജെൻഡർ റിസോഴ്സ് സെന്റർ ഓഫ് അഗ്രിക്കൾച്ചർ (NGRCA), മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ.
7. നാഷണൽ റിസർച്ച് സെന്റർ ഫോർ വിമൺ ഇൻ അഗ്രിക്കൾച്ചർ (NRCWA) ICAR ഭുവനേശ്വർ.
8. ഡയറക്ട്രേറ്റ് ഓഫ് എക്സ്റ്റൻഷൻ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ, ഗവൺമെന്റ് ഓഫ് ഇന്ത്യ.
9. പ്ലാനിംഗ് കമ്മീഷൺ, ഇന്ത്യാ ഗവണ്മെന്റ്
10. ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി, ഇന്ത്യാ ഗവൺമെന്റ്
11. ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് & ടെക്നോളജി, ഇന്ത്യാ ഗവൺമെന്റ്
12. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോപ്പറേഷൻ ഫോർ വിമൺ ആന്റ് ചൈൽഡ്, ഇന്ത്യ ഗവൺമെന്റ്.
13. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (മാനേജ്) ഹൈദരാബാദ്

14. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചർ, കേരള.

15. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫിഷറീസ്, കേരള

16. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ആനിമൽ ഹസ്ബന്ററി, കേരള

17. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ

18. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.

19. ഖാദി വില്ലേജ് ഇന്റസ്ട്രീസ് കമ്മീഷൻ, നടത്തറ, തൃശൂർ

20. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ

21. കോസ്റ്റ് ഫോർഡ്, തൃശൂർ

22. റബർ ബോർഡ്, കോട്ടയം

23. നബാർഡ്, ഇന്ത്യ, കേരള റീജിയൻ ഓഫീസ് & തൃശൂർ ഓഫീസ്

24. സ്റ്റേറ്റ് വിമൺസ് കമ്മീഷൻ, കേരള

25. എസ്.എഫ്. എ.സി, കേരള ഗവൺമെന്റ്

26. കുടുംബശ്രീ – (ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി), കേരള ഗവൺമെന്റ്

27. എച്ച്.ഐ.ഡി. ഫോറം, ബാംഗ്ലൂർ

28. സഖി വിമൺ റിസോഴ്സ് സെന്റർ, തിരുവനന്തപുരം.

29. നവധാര ഫൗണ്ടേഷൻ, കൽപ്പററ, വയനാട്

30. ശ്രേയസ്, വയനാട്

31. ഐ.ആർ.ടി.സി., കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

32. നെൽകർഷക സംഘം, പരുത്തിക്കാവ്, പാലക്കാട്

33. പെരിഞ്ഞനം വനിതാ പുഷ്പകൃഷി സമിതി, തൃശൂർ

34. നാട്ടിക വനിതാ ടിഷ്യു കൾച്ചർ ലാബ്, തൃശൂർ

35. ജ്യോതിർമയി വനിതാ സംഘം, മുളങ്കുന്നത്തുക്കാവ്, തൃശൂർ

36. ദർശന പാസ്റ്റോറൽ സെന്റർ, പീച്ചി, തൃശൂർ

സുസ്ഥിര വികസനത്തിന് സ്ത്രീ നീതി ഉറപ്പാക്കുന്ന സമീപനം എന്ന ലക്ഷ്യം കൈവരിക്കാൻ നിരന്തരമായി ഈ സമ്പർക്ക ശൃംഖല പുതുക്കുകയും വളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നതും ഈ കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ വളർച്ചയുടെ ലക്ഷ്യം തന്നെയാണ്.

## ദിവംഗതനായ മുൻകാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ സ്മാരക പ്രഭാഷണത്തിന്റെ സംഘാടനം ഈ കേന്ദ്രത്തിന്റെ പ്രത്യേക കടമകളിലൊന്നാണ്

കാർഷിക സ്ത്രീ പഠനകേന്ദ്രത്തിന്റെ ഉപജ്ഞാതാവും മാർഗ്ഗദർശിയുമായിരുന്നു ഡോ. **കെ.എൻ. ശ്യാമസുന്ദരൻ നായർ 2005 ജൂലായ് 24- ന് ചരമമടഞ്ഞു.** അദ്ദേഹത്തിന്റെ സ്മരണാർത്ഥം കുടുംബാംഗങ്ങൾ കാർഷിക സർവ്വകലാശാലയിൽ എല്ലാ വർഷവും ജൂലായ് മാസത്തിൽ കാർഷിക രംഗത്തെ കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സ്മാരക പ്രഭാഷണം നടത്തണമെന്ന ലക്ഷ്യത്തോടെ ഒരു എൻഡോവ്മെന്റ് സ്ഥാപിച്ചിട്ടുണ്ട്. ഈ എൻഡോവ്മെന്റിന്റെ ഒന്നാമത്തെ പ്രഭാഷണം **"പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങളും കൃഷിയും"** എന്ന വിഷയത്തിൽ 2006 ജൂലായ് 27-നു കർണ്ണാടക വില നിർണ്ണയ കമ്മിറ്റി ചെയർമാനും മുൻ യു.എ.എസ്. വൈസ് ചാൻസലറുമായിരുന്ന ഡോ. എസ്. ബിസിലിയ്യ നിർവ്വഹിച്ചു. ഈ പ്രഭാഷണപരമ്പരയിലെ അടുത്ത പ്രഭാഷണം 2007 ജൂലായിൽ ലോകപ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫസർ എം. എസ്. സ്വാമിനാഥൻ നിർവ്വഹിക്കുന്നതാണ്.





**ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ** എൻഡോവ്മെന്റ് ലക്ചറിന്റെ ദൃശ്യങ്ങൾ

## കാർഷിക സ്ത്രീപഠനകേന്ദ്രത്തിന് മുന്നിലുള്ള പന്ഥാവ്

പുത്തൻ സാമ്പത്തിക നയങ്ങളുടെയും ആഗോളവല്ക്കരണത്തിന്റെയും ആഘാതങ്ങളും മാറ്റങ്ങളും ഏറ്റുവാങ്ങുന്ന കാർഷികരംഗത്തെ വനിതകൾക്ക് പുരുഷന്മാരോടൊപ്പം ജീവിതത്തിൽ തുല്യമാർഗ്ഗങ്ങളും അവസരങ്ങളും ഉറപ്പാക്കാൻ വേണ്ട പഠനങ്ങൾ നടത്താനും, കെല്പ് വളർത്താനും വികസനാവസരങ്ങൾ ഉറപ്പാക്കാനും കാർഷികസർവ്വകലാശാലയുടെ കാർഷിക സ്ത്രീപഠനകേന്ദ്രം ബദ്ധശ്രദ്ധമായിരിക്കണം. അതിലേക്കായി ഈ കേന്ദ്രം അതിന്റെ വിവിധ ധർമ്മളെയും മാർഗ്ഗങ്ങളെയും ഉൾക്കൊള്ളിച്ച്, ദേശീയതലത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സെന്റർ ഓഫ് എക്സലൻസ് ആയി രൂപാന്തരപ്പെടണം. കാർഷിക സർവ്വകലാശാലയുടെ ജെൻഡർ ഡെവലപ്പ്മെന്റ് എന്ന ഡയറക്ടറേറ് ആയി ഈ കേന്ദ്രം വികസിക്കണം. ഇവടെനിന്നും ഇതിനെക്കെ വേണ്ട ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തപ്പെടണം. കാർഷികരംഗത്തെ ലിംഗവിവേചന വിഷയങ്ങൾ, സ്ത്രീപുരുഷ പങ്കാളിത്ത വിശകലനം, സ്ത്രീ വിവേചന ആഘാത പഠനങ്ങൾ എന്നിവ നടത്താനും, ലിംഗ വിവേചനങ്ങൾക്കെതിരെ നയരൂപീകരണം നടത്താനും ഈ കേന്ദ്രത്തിന് കഴിയണം. കാർഷികരംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ കാണാനും കണക്കിലെടുക്കുവാനും കരുത്തുള്ള സംവേദനശക്തിയുള്ള വികസന ഏജൻസികളെ വാർത്തെടുക്കുവാനും ഈ സെന്ററിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് കഴിയണം. അത്തരത്തിലുള്ള സാങ്കേതികവിദ്യകൾ സ്വീകരിക്കുവാനും, ഗുണഭോക്താക്കളിലെത്തിക്കാനുമുള്ള പദ്ധതികൾക്ക് ഈ കേന്ദ്രം ചുക്കാൻ പിടിക്കണം. അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കു വേണ്ട റിസോഴ്സ് മെറ്റീരിയൽ രൂപകല്പന ചെയ്യാനും ICT തലത്തിൽ പ്രവർത്തിക്കാനും കേന്ദ്രത്തിന് കരുത്തുണ്ടാകണം. കാർഷികരംഗത്തെ വനിതാ വ്യവസായ സംരംഭകരെ കരുത്തുറ്റവരാക്കി മാറ്റുന്ന വികസന കേന്ദ്രമായും ഈ കേന്ദ്രം കരുത്താർജ്ജിക്കണം. ദേശീയതലത്തിൽ തന്നെ കാർഷികരംഗത്തെ സ്ത്രീപുരുഷ പങ്കാളിത്ത സമീപന നയങ്ങൾ വിശകലനം ചെയ്യുന്നതിന് രൂപികരിക്കുന്ന കേന്ദ്രമാക്കാനും ഈ കേന്ദ്രം ലക്ഷ്യമിടണം. ജെൻഡർ ഇംപാക്റ്റ് പഠനങ്ങൾക്കും മൂല്യനിർണ്ണയങ്ങൾക്കുമുള്ള കൺസൾട്ടൻസി ഏറ്റെടുക്കുന്ന ഏജൻസിയായി വളരാൻ കഴിയണം. സുസ്ഥിര വികസനത്തിനായി കാർഷികരംഗത്തെ സ്ത്രീകളുടെയും പുരുഷൻമാരുടെയും നീതി ഉറപ്പാക്കുന്ന വികസന സമീപനങ്ങളുടെയും, അവസരങ്ങളുടെ കാവൽ കേന്ദ്രമാക്കുകയെന്നതാകട്ടെ ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഇതിനൊക്കെ ഈ കേന്ദ്രത്തെ സജ്ജമാക്കാൻ വേണ്ട വർദ്ധിച്ച മനുഷ്യവിഭവശക്തിയും, ആസ്തിയും, കെട്ടിടങ്ങളും, ഉപകരണസൗകര്യങ്ങളും ഈ കേന്ദ്രത്തിനുണ്ടാകണം.

## കാർഷിക സ്ത്രീ പഠന കേന്ദ്രം ഉപദേശകസമിതി ( 1999–2006)

1. ശ്രീ. കെ. ആർ. വിശ്വംഭരൻ (2007 മാർച്ച് മുതൽ വൈസ്ചാൻസലർ & ചെയർപേഴ്സൺ തുടരുന്നു )
2. ദിവംഗതനായ ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ (1999–2001, സ്ഥാപക വൈസ് ചാൻസലർ & ചെയർപേഴ്സൺ; 2001 തൊട്ട് 2005 ജൂലൈ വരെ മെമ്പർ )
3. ഡോ. കെ. വി. പീറ്റർ (1999 –2001 ഡയറക്ടർ ഓഫ് റിസർച്ച്, 2001 തൊട്ട് 2006 വരെ വൈസ് ചാൻസലർ, & ചെയർപേർസൺ 2006 മെയ് തൊട്ട് മെമ്പർ – തുടരുന്നു)
4. ശ്രീ. ഇ. കെ. മാജി ഐ എ എസ് ( മെയ് 2006 തൊട്ട് 2007 മാർച്ച് വരെ ഇൻ ചാർജ്ജ് വൈസ്ചാൻസലർ )
5. ഡോ. കെ. ശാരദാമണി (1999 മുതൽ മെമ്പർ – തുടരുന്നു) മെമ്പർ
6 ഡോ. ആർ. വി.ജി. മേനോൻ (1999 മുതൽ മെമ്പർ – തുടരുന്നു.)
7 ഡോ. മൈക്കൾ തരകൻ (19994 മുതൽ മെമ്പർ – തുടരുന്നു)
8. ശ്രീമതി. ഏല്യാമ്മ വിജയൻ (1999 മുതൽ മെമ്പർ – തുടരുന്നു)
9 ശ്രീമതി. ടി. ദേവി (1999 മുതൽ മെമ്പർ – തുടരുന്നു)
10 ശ്രീ. ചന്ദ്രദത്ത്, കോസ്റ്റ് ഫോർഡ് (1999 മുതൽ മെമ്പർ – തുടരുന്നു)
11 ശ്രീ. മീനാക്ഷി തമ്പാൻ (1999 മുതൽ 2003 വരെ)
12 ഡോ. ലളിതാംബിക, ഐ.എ.എസ്. (1999 മുതൽ 2003 വരെ മെമ്പർ)
13 ശ്രീമതി. സാവിത്രി ലക്ഷ്മണൻ (1999 മുതൽ 2003 വരെ മെമ്പർ)
14 ശ്രീമതി. ലീല മേനോൻ (1999–2003 വരെ മെമ്പർ)
15 ഡയറക്ടർ, കില, തൃശൂർ (2005 മുതൽ മെമ്പർ തുടരുന്നു)
16 ഡയറക്ടർ, കുടുംബശ്രീ (2005 മുതൽ മെമ്പർ തുടരുന്നു)
17 ഡോ. എൻ. വിക്രമൻ നായർ (2001 മുതൽ 2002 വരെ ഡയറക്ടർ ഓഫ് റിസർച്ച് & മെമ്പർ)
18 ഡോ. കെ. കുമാരൻ (2002–2003 വരെ ഡയറക്ടർ ഓഫ് റിസർച്ച് & മെമ്പർ)
19 ഡോ. സി. കെ. പീതാംബരൻ (2003–2005 വരെ ഡയറക്ടർ ഓഫ് റിസർച്ച്, 2006 മുതൽ മെമ്പർ – തുടരുന്നു)
20 ഡോ. എസ്. ജനാർദ്ദനൻപിള്ള (2006, ഡയക്ടർ ഓഫ് റിസർച്ച് & മെമ്പർ)
21. ഡോ. ഡി. അലക്സാണ്ടർ (2006 മുതൽ ഡയറക്ടർ ഓഫ് റിസർച്ച് & മെമ്പർ – തുടരുന്നു.)
22. ഡോ. എ. ഐ. ജോസ് (2000–2004 വരെ ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ & മെമ്പർ)

23. ഡോ. എം. കെ. ഷീല (2004 തൊട്ട് ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ & മെമ്പറാ യിട്ട് തുടരുന്നു.

24. ഡോ. എസ്. സുലോചന (1999–2001 വരെ ഡീൻ, കോളേജ് ഓഫ് വെറ്റിറിനറി ആന്റ് ആനിമൽ സയൻസും & മെമ്പർ തുടരുന്നു)

25 ഡോ. ജി. ശ്രീകണ്ഠൻ നായർ (2003–2004 വരെ ഡീൻ & മെമ്പർ)

26. ഡോ. സുന്ദരേശൻ നായർ (2004–2005, ഡീൻ & മെമ്പർ)

27 ഡോ. ഇ. നാണു (2005– മുതൽ ഡീൻ, കോളേജ് ഓഫ് വെറ്റിറിനറിയും ആന്റ് ആനിമൽ സയൻസ്, മെമ്പർ)

28 ഡോ. ജിപ്പു ജേക്കബ് (2005 തൊട്ട് ഡീൻ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് & മെമ്പർ)

29. ഡോ. എസ്. ശിവസ്വാമി (2006 മുതൽ ഡീൻ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ എൻജിനീയറിംഗ് & മെമ്പർ, തുടരുന്നു.)

30. ഡോ. നമ്പൂതിരി (ഡീൻ, കോളേജ് ഓഫ് ഫിഷറീസ് 2005 മുതൽ മെമ്പർ).

31 പ്രസിഡന്റ്, കെ എ യു സ്റ്റുഡന്റ് യൂണിയൻ

32 വൈസ് പ്രസിഡന്റ്, കെ എ. യു സ്റ്റുഡന്റ് യുണിയൻ

33. ഡോ. പി.എസ്. ഗീതക്കുട്ടി (1999 തൊട്ട് പ്രോജക്ട് കോഡിനേറ്ററും കൺവീനറു മായി തുടരുന്നു)

## കാർഷിക സ്ത്രീ പഠന കേന്ദ്രം പ്രോജക്ട് ടീം കമ്മിറ്റി മെമ്പർമാർ (1999–2006)

1. ഡോ. പി.എസ്. ഗീതക്കുട്ടി, അസ്സോസിയേറ്റ് പ്രൊഫസർ, പ്രോജക്ട് കോഡിനേറ്റർ
2. ഡോ. എസ്. ഷൈലജ, അസ്സോസിയേറ്റ് പ്രൊഫസർ, (അഗ്രി. എക്സ്റ്റൻഷൻ), കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി
3. ശ്രീമതി. എൻ.കെ. വിമലകുമാരി, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ് (ഹോം സ യൻസ്), കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി.
4. ഡോ. കെ.എസ്. പുരുഷൻ, അസ്സോസിയേറ്റ് പ്രൊഫസർ& ഹെഡ്, ഫിഷറീസ്, റിസർച്ച് സ്റ്റേഷൻ, പുതുവെയ്പ്, എറണാകുളം
5. ഡോ. ജി. ശോഭന, അസ്സോസിയേറ്റ് പ്രൊഫസർ (അഗ്രി. എക്സ്റ്റൻഷൻ), സബ് സെന്റർ ആർഎആർഎസ്., പീലിക്കോട്, മഞ്ചേശ്വരം, കാസർഗോഡ്.
6. ഡോ. പി. രാജേന്ദ്രൻ, പ്രോഗ്രാം കോഡിനേറ്റർ, കൃഷി വിജ്ഞാൻ കേന്ദ്ര, പട്ടാമ്പി, പാല ക്കാട്
7. ഡോ. എം.പി. ഗിരിധരൻ, അസ്സോസിയേറ്റ് പ്രൊഫസർ (ഹോർട്ടിക്കൾച്ചർ), ആർ എ ആർ എസ്, പീലിക്കോട്, കാസർഗോഡ്.
8. ഡോ. എ. രാധമ്മ പിള്ള, പ്രോഗ്രാം കോഡിനേറ്റർ, കൃഷി വിജ്ഞാൻ കേന്ദ്ര, വയനാട്
9.. ഡോ. ശ്യാമകുമാരി എസ്, അസ്സോസിയേറ്റ് പ്രൊഫസർ, (ഹോം സയൻസ്), കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി.
10 ഡോ. എം.ആർ.സുഭദ്ര, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്, (വെറ്ററിനറി & എക്സ്റ്റൻഷൻ), കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസ്, മണ്ണുത്തി
11 ഡോ. പി.എ. നസീം, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ് (ബയോടെക്നോളജി), കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ, വെള്ളാനിക്കര, തൃശൂർ.
12. ഡോ.വി.ഗണേശൻ, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ് (അഗ്രി. എഞ്ചിനീയറിംഗ്), കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി.
13 ഡോ. കെ.ജെ. ജോസഫ്, പ്രോഗ്രാം കോഡിനേറ്റർ (അഗ്രി. ഇക്കണോമിക്സ്), കുമരകം, കോട്ടയം
14 ഡോ. സി. ജോർജ്ജ് തോമസ്, അസ്സോസിയേറ്റ് പ്രൊഫസ്സർ (അഗ്രോണമി), കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര.
15 ഡോ. കെ. വിദ്യാസാഗരൻ, അസ്സിസ്റ്റന്റ് പ്രൊഫസർ (ഫോറസ്റ്റ് മാനേജ്മെന്റ്), കോളേജ് ഓഫ് ഫോറസ്ട്രി, വെള്ളാനിക്കര

16. ഡോ. എ. സുകുമാരൻ, അസ്സോസിയേറ്റ് പ്രൊഫസർ (കോപ്പറേഷൻ & ബാങ്കിംഗ്), കോപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റ് കോളേജ്, വെള്ളാനിക്കര.

17. ഡോ. എം.ശിവസ്വാമി, അസ്സോസിയേറ്റ് പ്രൊഫസർ (അഗ്രി. എഞ്ചിനയറിംഗ്), കെ.സി.ഇ. ടി., തവന്നൂർ, മലപ്പുറം

18. ശ്രീമതി. ഡെയ്സി സി. കാപ്പൻ, അസിസ്റ്റന്റ് പ്രൊഫസർ (ഫിഷറീസ് എക്സ്റ്റൻഷൻ), കോളേജ് ഓഫ് ഫിഷറീസ്, പനങ്ങാട്, കൊച്ചിൻ.

808343